most of the present day ills will vanish by the successful working of the Land Mortgage Bank. That is a mistaken assumption. It is by extending the activities of the department in all possible lines that we can hope to alleviate the sufferings of the highly indebted agriculturists. It is perhaps premature to launch on any opinion on the Land Mortgage Bank, which has been started under very good auspices and the best patronage possible. The progress made by the bank is not at all satisfactory and the excuses given out do not bear scrutiny. It should be remembered that the Government Loans Department had handed over to the Bank numerous loan applications which had received thorough scrutiny at the hands of competent officers like Messrs. George, Paul and P. Narayana Menon. Why loan is not granted even to persons whose applications were approved by the Loans Department, one cannot understand. Appointment of loan Advisory committees to go into cases scrutinised by the inspectors and supervisors is sure to result in unnecessary red tapism and consequent delay. The directors of the Bank will kindly realise that every educated individual in Cochin is watching keenly the progress of the Bank and of its workings. This is an institution capable of doing much good to the people and its success depends mainly on the sense of duty of the management.

Mr. T. K. Sankara Menon remarks that the Panchayat and labour deparments have not fared better than the agricultural and co-operative departments in the work of rural uplift. The high ideals enunciated in the preamble to the Panchayat Regulation have not been kept in view by the administration for some time in the past. Of late, the attempt has been to deprive the Panchayats of almost all of their powers. I cannot understand why even in matters of the election of members for the Panchayats, the presence of the Tahsildars is insisted on ; to insist on the presence of Panchayat Inspectors at the election of Panchayat Presidents is another instance of executive interference. From a study of past administration reports one finds signs of retrogression where progress is urgently called for. Panchayatdars were at some times in the past visiting primary and secondary schools. That has now ceased. Almost all the works that Panchayats are expected to look into are now left in the charge of officers of the Department. A close study of the history of the movement leaves in one the impression that all ideas of developing the spirit of local self-Government in the rural public received a check and a set-back once the department was separated from the Agri-

LIBRARY ARCHIVES Kerala Legislative Assembly

cultural Department. Was it because the head of the department had not sufficient work and wanted more and more powers or was it because of his scepticism about the soundness of modern ideas of democracy? It is time that the whole angle of vision is changed and that better trust is placed on the Panchayats. Then only we will get proper men to work the Panchayats. The complaint of 'indifference' and 'ignorance' that the Director has raised in his latest administration report came on account of the policy pursued in the immediate past. It is time that we realise that there is much in the saying "Trust begets trust". Want of proper communications in villages has not received the attention that the question merits. A Panchayat Road Board has been recommended to be started in the State by the Superintendent of Economic Survey and his suggestion deserves the best and earliest attention of the Government.

Complaints on the Labour Department were laid bare on the floors of the House two years back. Ill-ventilated houses, want of proper facilities for the depressed classes to follow their professions, non-supply of necessaries to pupils at the proper time—these and many other complaints have to be redressed speedily.

Complaints against the Public Health Department mainly on account of the imposition of license fees on petty trades and small scale industries deserve our best attention. Here justice does not appear to have been tempered with mercy to the extent that individual cases demanded. The Department is no doubt doing some useful work: but there are many important subjects that require immediate attention. In spite of the promise made by the Government in the last Budget Session, nothing has yet been done to abate the nuisance caused by the Kaloor Night soil depot that stands in close proximity to the capital of the State. How long are the people to tolerate this? Is it not an insult to our education, sense of justice and fairplay? It is time that some peremptory orders are issued in this matter. One of the most serious hardships of our villagers is the scarcity of good drinking water during the summer months. The response to the cry has been very meagre in the past. May we hope for better sympathy? While congratulating the people of Mattancherry on the sympathy that they have been able to evoke regarding water-supply I cannot but commisserate with the people of rural areas whose cry for good drinking water has not been properly heeded so far.

LIBRARY ARCHIVES Kerala Legislative Assembly

The shortcomings in the workings of many of the development departments can be remedied only if some devices for their co-ordination are adopted. This was suggested by me last year and I am glad to bring to the notice of the House that this position has received considerable support from responsible persons and institutions. H. E. the Viceroy said the other day "In this connection I cannot but feel that establishment of a greater degree of co-ordination than would appear at present to exist between District Officers and officers of the agricultural, veterinary and co-operative departments would strengthen materially the means at our disposal for promoting agricultural improvement as well as rural betterment in the wildest sense". In a recent circular, the Madras Government says:—"Indeed the various specialised departments, Education, Public Health, Industries, Co-operative, Forest, Agriculture, veterinary, are all intended to improve the social and economic condition of the villagers. But however useful their activities, it has been felt that these require close and systematic co-ordination to bring about the best result". District Economic councils in the Presidency are ordered to be formed with the above principles in view, one of the main objects of the organisation being "to give every village an opportunity for self-expression." The Superintendent of Economic Survey in the State recommends in very strong terms the establishment of a Development Board for the State. On the working of the individual development departments which are supplied with ample funds annually to carry on their activities, Mr. Menon makes the following observation:—"The result has not been commensurate with the labour and expenditure involved and conditions in our villages have been rapidly deteriorating and the rural population forming about 85 per cent of the State's total population are now steeped in indebtedness, poverty and misery". It is undeniable that the typical villager, though uneducated possesses a good deal of native shrewdness and wit and that his constant complaint is that the Government bestow less attention and care on villages than on towns. It is absolutely essential that we should keep in mind the sound principle that "no village or community should be let to suffer for the reason that there is no one to bring its needs effectively to the notice of the Government". For gaining this there should be co-ordination in the activities of the development departments and the work of co-ordination should be entrusted to a Board which will represent all the departments concerned. Introduction of compulsory elementary education and the spread of literary movement will compel the Director of Public Instruction at no distant date to seek the aid

LIBRARY ARCHIVES Kerala Legislative Assembly

of village or taluq organisations. If we introduce a Development Board at the centre with taluq Boards under them and if both are worked sympathetically and large-heartedly we will be doing a large piece of service to the rural population and ensuring their future well-being. Mr. Sankara Menon has the following pertinent remarks to make in this connection. "If the amounts ear-marked for development activities are pooled together and spent according to a well planned programme drawn up by the Board, the needs of each area being taken up according to its urgency and if the Board will supervise the executions of the various items of work and see to the permanence of the improvements effected, discontent in the villages will vanish and the work of rural uplift will be rendered less difficult and costly". I commend this all important subject to the kind attention and sympathetic consideration of the Diwan who has by this time established his claim to be pronounced a practical Statesman with a clear grasp of affairs. Administrative reorganisation on the lines proposed appears to me to be an essential step in the preparation of the frame-work for constitutional reform that we all desire.

I do not propose to repeat here all the demands of my constituency except this: The problem of providing facilities of communication in my constituency has in spite of definite promises last year, remained un-redeemed. May I hope that they will be taken up at least in 1112?

One word on an urgent requirement in the field of education has to be emphasised here. The Harbour is growing and in the immediate future numerous business houses are sure to spring up in Cochin. In the words of Mr. F. Birly, I impress on the Government, "It is not only advisable but it is essential for some young men to undergo specific training in accountancy, office organisation and business methods generally, if they are to rise above the common rut of clerkships." Advanced training in those subjects and in economics and Banking have to be provided for in our scheme of studies at least in a school in each of the two Divisions of the State. This will be a practical solution of the problem of unemployment in the State and I invite the earnest attention of the Member for Education to this all important subject.

*The House rose for lunch at 1 p. m. and re-assembled at 2-15 p. m. with the Deputy President (M. R. Ry. A. Sankara Menon Avl., B. A. & B. L.) in the Chair.*

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. സി. ഇയ്യുക്കുട്ടി.— മിസ്റ്റർ പ്രസിഡണ്ട്, സർ, ഞാൻ ഒരു വലിയ പ്രസംഗം ചെയ്യണമെന്നു വിചാരിക്കുന്നില്ല. എങ്കിലും ഫ്രഫ്രഫ്രലെ ആയവ്യയക്കണക്കിനെ സംബന്ധിച്ച് എനിക്ക് അഭിപ്രായ മുള്ളതു് ഒന്നു രണ്ടു സംഗതികൾ പറഞ്ഞവസാനിപ്പിക്കാമെന്നേ വിചാരിക്കുന്നുള്ളൂ.

അതിനുമുമ്പായി ഗവൺമെണ്ട് ഇപ്പോൾ അംഗീകരിച്ചിരിക്കുന്ന ഒരു നയം എടുക്കണമെന്നു വിചാരിക്കുന്നു. സപ്ലിമെൻററിഗ്രാൻറ് എന്നു പറയപ്പെടുന്ന ഏർപ്പാടിനെക്കുറിച്ചാണു ഞാൻ ഈ സഭ മുമ്പാകെ കൊണ്ടുവരുന്നതു്. ഈ ആണ്ടിൽ സപ്ലിമെൻററിഗ്രാൻറായി എത്ര മാത്രം സംഖ്യയാണാവശ്യപ്പെട്ടിരിക്കുന്നതു്. ഇന്നാലെതന്നെ ആകെ ഫർന്നുകെ ഫ്രണ ആണ് ഈ വഴി അനുവദിച്ചിട്ടുള്ളതു്. സെക്ഷൻ ഫന്ദ (ൻ) വഴി ന്യർഥർഥക. ഫ്രണ നുപൈ ചിലവാക്കീട്ടുണ്ട്. ഇങ്ങനെ ആകെ ഥന്നൊൻകെ. ഫ്രണ നുപൈസയും സെക്ഷൻ ഫന്ദ (ൻ) എന്ന നിലയ്ക്കാവശ്യപ്പെട്ടാലും ബഹുമാനപ്പെട്ട മെമ്പറന്മാർക്കു യാതൊരു തൃപ്തിയും ഉണ്ടാകാനില്ലല്ലൊ. ഉണ്ടായാൽതന്നെ ഗവൺമെണ്ടു വകവയ്ക്കേണ്ട ആവശ്യവുമില്ല. അതിലെ മിക്ക ചിലവുകളും മുൻകൂട്ടി പ്രതീക്ഷിക്കപ്പെടാവുന്നതുമാണു്. അന്നൊന്നും അതിനെക്കുറിച്ചൊന്നും പറയാതെ ഈ അവസാനഘട്ടത്തിൽ സാമാജികന്മാരെ ബുദ്ധിമുട്ടിക്കേണ്ടിയിരുന്നില്ല. മേലാൽ ഈ തരത്തിൽ സംഭവിക്കാതിരിപ്പാൻ പ്രത്യേകം കരുതൽ വേണ്ടതാണു്.

ബഡ്ജറ്റു പ്രകാരം ഫ്രഫ്രഥലേയ്ക്കു ആകെ ഫഠഫ്രനുവന്നഠഠ രൂപാ വരവാണു പ്രതീക്ഷിക്കപ്പെട്ടതു്. ഈ സംഖ്യ മുൻ ആണ്ടിനേക്കാൾ ഥൻഠഠഠ രൂപാ കൂടുതലായിട്ടാണു കാണുന്നതു്. ഇതിനു പ്രത്യേക കാരണം ലാൻറു റവന്യൂ വഴിയായി ഫർ൭൭ഠഠ രൂപാ കൂടുതലായി നമുക്കു കിട്ടുന്നതാണു് കഴിഞ്ഞ കൊല്ലത്തിൽ നികുതി ഇളവുണ്ടായിരുന്നതു് ഈ ആണ്ടിൽ ഇല്ലാതാക്കിത്തീർത്തിട്ടുണ്ട്. ഫ്രഠൻ മുതൽ നാട്ടുകാർ ഈ വഴിക്കനുഭവിച്ചുകൊണ്ടിരുന്ന ആശ്വാസം അശേഷം ഇല്ലാതായിത്തീർന്നു. ചിറയ്ക്കൽ താലൂക്കിലെ വസ്തു ഉടമസ്ഥന്മാരുടെ ഒരു പൊതുയോഗം കഴിഞ്ഞ ന്യ-ാംനു- സർ, സി. വി. അനന്ത കൃഷ്ണയ്യർ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഈ വിഷയത്തെ സംബന്ധിച്ചു പ്രമേയം പാസാക്കി ഗവൺമെണ്ടിലേക്കയച്ചതായി അറിയുന്നുണ്ട്. ഈ തരത്തിലുള്ള പ്രമേയങ്ങളും ഇനി ഏതെല്ലാം താലൂക്കുകളിൽ നിന്നാണു വരുന്നതെന്നു കണ്ടറിയണം. അതുകൊണ്ടു് ഇതിനെക്കുറിച്ചു കൊച്ചീക്കാർക്കു പൊതുവേയുള്ള അഭിപ്രായം ഗവൺമെണ്ടിനു് അടുത്തുതന്നെ അറിയാറാവുമെന്നു വിചാരിച്ചു ഞാൻ കൂടുതലായി ഒന്നും പറയുന്നില്ല. വസ്തു ഉടമസ്ഥന്മാർക്കു നികുതി ഇളവു ചെയ്യുവാൻ വിചാരിക്കുന്നില്ലെങ്കിൽ സാധുക്കളായ പാട്ടക്കുടിയാന്മാർക്കെങ്കിലും എതെങ്കിലും വിധത്തിൽ ഒരു രക്ഷ ചെയ്യേണ്ടതാണെന്നു ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിവകുപ്പിൽ കാണിക്കുന്ന ചിലവു് ഇനി എന്താണെന്നു നമുക്കു വിമർശിക്കാം. ഇർവിൻപാക്കു വലുതാക്കുന്നതിനും ഇംപീരിയൽ കൌൺസിൽ റിസർച്ചു് വക്കിനും മറ്റും ആയിട്ടു വളരെ വലിയ സംഖ്യ കൊള്ളിച്ചിട്ടുണ്ടു്. ഇതിന്റെ എല്ലാം അനുഭവം എത്രമാത്രം കൊച്ചിയിലെ സാധുജനങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടെന്നു കഴിഞ്ഞ മണ്ടുമൂന്നു കൌൺസിൽ മീറ്റിംഗിലെ ചോദ്യോത്തര സമയത്തു ബഹുമാനപ്പെട്ട കൃഷി മെമ്പരുടെ അടുക്കൽനിന്നു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടു്.

പഞ്ചായത്തു വകുപ്പിലെ ഒരു പ്രത്യേകത നമുക്കു നോക്കാം. ആകെ വരവു പഞ്ചായത്തുകൾ ഉണ്ടു്. അവയുടെ പ്രാധാന്യതയോ, ജനസംഖ്യയോ നോക്കീട്ടല്ലാ പണം വീതിച്ചു കൊടുക്കുന്നതു്. കാട്ടകാമ്പാൽ ഗ്രൂപ്പുപഞ്ചായത്തിലേയ്ക്കു 500രൂപാ ആണു് ഒറിജിനൽ വർക്സിനു അനുവദിച്ചിരിക്കുന്നതു്. അവിടത്തെ ജനസംഖ്യ നോക്കുകയാണെങ്കിൽ ഫറോക്കത്തോളം വരുന്നതാണു്. ജനസംഖ്യകൊണ്ടും പ്രാധാന്യത കൊണ്ടും പിന്നോക്കം നില്ക്കുന്ന പോർക്കളം പഞ്ചായത്തിലേയ്ക്കു 1500രൂപാ അനുവദിച്ചിട്ടുണ്ടു്. ഇതുപോലെ ദൃഷ്ടാന്തങ്ങൾ എടുത്തു സമയം കളയണമെന്നു ഞാൻ വിചാരിക്കുന്നില്ല. പണം ഇല്ലാത്ത ഇക്കാലത്തു് ഇനിയും ശമ്പളം കൂട്ടി പഞ്ചായത്തു ക്ലാക്കന്മാർക്കു ചീത്ത സ്വഭാവം പഠിപ്പിക്കേണ്ട ആവശ്യമില്ല. ഞാൻ ഇതു പറയുമ്പോൾ താഴ്ന്ന ശമ്പളക്കാരുടെ കാര്യത്തിൽ വൈമനസ്യം പ്രകടിപ്പിച്ചു എന്നു തെറ്റിദ്ധരിക്കേണ്ട. ശമ്പളം കൂട്ടിയതിന്റെ ശേഷം കുറയ്ക്കുവാൻ നമുക്കു പ്രയാസം കൂടും. ഭംഗിയും അല്ല. അതുകൊണ്ടു ശോഭനമായ ഒരു ഭാവി വരുന്നതുവരെ ഏതു വകുപ്പിലും ശമ്പളം കൂട്ടരുതെന്നു് എനിക്കു് ഒരു അപേക്ഷ ഉണ്ടു്. ഇതുപോലെ തന്നെയാണു സ്റ്റാമ്പു വകുപ്പിനെക്കുറിച്ചു് എനിക്കു പറയുവാനുള്ളതും. അവിടെയും ഹെഡ് ക്ലാക്കിന്റേയും സ്റ്റോർകീപ്പറുടേയും ശമ്പളം കൂട്ടുന്നതിനു തീർച്ചയാക്കിയതായി കാണുന്നുണ്ടു്.

കസ്റ്റംസിനെക്കുറിച്ചു നമുക്കു് ഒരഭിപ്രായവും പറയുവാൻ പാടില്ലാത്ത വിധത്തിൽ ആക്കീട്ടുണ്ടല്ലൊ. അതുകൊണ്ടു് അതിനെ സംബന്ധിച്ചു് ഒന്നും പറയുന്നില്ല. ഇനിയത്തെ ബഡ്ജറ്റു യോഗത്തിനു മുമ്പു് ഇനി ഏതെല്ലാം വകുപ്പുകളാണു് അഭിപ്രായം പറയാൻ പാടില്ലാതാക്കിത്തീർക്കുന്നതെന്നറിഞ്ഞുകൂടാ. വനം വകുപ്പിൽ പുതിയ ഒരു ഉദ്യോഗം സൃഷ്ടിച്ചിട്ടുണ്ടു്. അതു് ഈ ക്ഷാമകാലത്തു് അനുവദിക്കുവാൻ പാടുള്ളതല്ല. ഇപ്പോൾ ഏതുതരത്തിൽ കഴിച്ചുകൂട്ടുന്നുവോ ആ തരത്തിൽതന്നെ ഇനിയും കുറച്ചു കാലം കൂടി കഴിക്കട്ടെ.

ഗവൺമെണ്ടു ചിലവു ചുരുക്കുവാൻ ഇനിയും ശ്രമിക്കട്ടെ. പുതിയ ഉദ്യോഗങ്ങൾ സൃഷ്ടിക്കാതിരിക്കയും ഇപ്പോൾ ഉള്ളവർക്കു കൂട്ടിക്കൊടുക്കാതിരിക്കുകയും ചെയ്യേണ്ടതാണു്. കൂടാതെ വലിയ ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥന്മാർ—അതായതു് 100-ം അതിനു മേലും വാങ്ങിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാർ—ഒന്നു മനസ്സുവെച്ചാൽ ഒരു വലിയ തുക, അതായത് 50000രൂപാ ആണ്ടിൽ മിച്ചം ഉണ്ടാക്കാമെന്നു ഞാൻ അഭിപ്രായപ്പെടുന്നു. അവരുടെ ശമ്പളത്തിന്റെ 10 ശതമാനം വെട്ടിക്കുറക്കുവാൻ അവർ അനുവദിക്കേണ്ടതാണു്. നല്ലകാലം വരുന്നതുവരെ അവർ ക്ഷമിച്ചിരിക്കട്ടെ. അവരെ ഉപദ്രവിക്കണമെന്നു വിചാരിച്ചല്ല ഇതു ഞാൻ പറയുന്നതു്. വളരെ വൈമനസ്യത്തോടു കൂടിയാണെങ്കിലും കാര്യങ്ങൾ തുറന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. അതിനെ അവർ സമ്മതിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അവരുടേയും നമ്മുടേയും ഗുണത്തെ ലാക്കാക്കിയാണു് ഇതു പറയുവാൻ എന്നെ പ്രേരിതനാക്കിയതു്. കാലം നന്നാകുമ്പോൾ അവർക്കു് ഈ കുറവിന്റെ നഷ്ടം പരിഹരിക്കത്തക്ക വിധത്തിൽ കൂടുതൽ കൊടുക്കാൻ നാം ശ്രമിക്കേണ്ടതാണു്. അല്ലാത്തപക്ഷം അപ്രതീക്ഷിതമായ ഈയാണ്ടത്തെ ഡഫിസിറ്റിനെപ്പോലെ ഇനിയും വന്നുചേരുവാനെളുപ്പമുണ്ടു്.

വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചു രണ്ടു വാക്കു പറയാതിരിക്കാൻ നിവൃത്തിയില്ല. കോളേജു വിദ്യാഭ്യാസത്തിനു ചിലവഴിക്കുന്ന സംഖ്യയ്ക്കു ഒരു കയ്യും കണക്കുമില്ല. ആ വഴിക്കു് ഇനി അധികം ചിലവഴിക്കാതെ പ്രാഥമിക വിദ്യാഭ്യാസത്തിനു് ആ സംഖ്യ തിരിക്കേണ്ടതാണു്. അതു ധാരാളം പുഷ്ടിപ്പെടുത്തിയതിന്റെ ശേഷം സെക്കൻഡറി വിദ്യാഭ്യാസത്തെക്കുറിച്ചു ഗൌരവമായി ആലോചിക്കണം. ഇങ്ങിനെ ചുവട്ടിൽ നിന്നു നന്നാക്കി നന്നാക്കിക്കൊണ്ടുവരേണ്ട നയം ഗവമ്മെണ്ടു് ആലോചിക്കുക.

പോലീസ് വകുപ്പിൽ സി. ഐ. ഡി. സെക്ഷൻ ഒന്നു പുഷ്ടിപ്പെടുത്തണമെന്നാമട്ടിൽ സി. ഐ. ഡി. ഇൻസ്പെക്ടർക്കു് എ. എസ്. പി. സ്ഥാനം കൊടുത്തു് ഒരു പൊടിപ്പും തൊങ്ങലും വെയ്പിക്കുണ്ടു്. പണനഷ്ടം ഇപ്പോൾ അധികം വരുന്നില്ലെങ്കിലും അടുത്ത ബഡ്ജറിൽ ഈ വകുപ്പിനു് ഒരു പ്രധാന സ്ഥാനം കൊടുത്തു കുറെക്കൂടി പണം ചിലവാക്കുന്ന മട്ടു നമുക്കു കാണുവാൻ സാധിക്കുന്നതാണു്.

മെഡിക്കൽ വകുപ്പിന്റെ നയം ഉള്ള സ്ഥാപനങ്ങൾ മാതൃകാ ആസ്പത്രികൾ ആയി നന്നാക്കണമെന്നാണു്. അതുകൊണ്ടു പുറരാജ്യങ്ങളിൽ നമ്മുടെ കൊച്ചിക്കു് ഒരു നല്ല പേരു കിട്ടും. എന്നാൽ ഇവിടത്തെ ഗ്രാമവാസികളുടെ കഥ എന്താണെന്നു നോക്കുന്നില്ല. "ഇല്ലം പൊരിച്ചു ചാത്തം ഊട്ടുക" എന്ന പഴമൊഴിയാണു് ഈ സമയത്തു് എനിക്കു് ഓർമ്മ വരുന്നതു്. ഗ്രാമവാസികളായ കൊച്ചിയിലെ ജനങ്ങൾക്കു മെഡിക്കൽ സഹായം വേണ്ട മാതിരി പുഷ്ടിപ്പെടുത്തേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിക്കേണ്ടതു ഗവമ്മെണ്ടിന്റെ മുമതലയാണു്. ഈ ഒരു സംഗതി മെഡിക്കൽ അഡൈസറികമ്മിറ്റി മെമ്പറന്മാരും മനസ്സിരുത്തേണ്ടതാണു്. സ്വാർത്ഥം പരിത്യജിച്ചു് അവരുടെ നാട്ടുകാരോടു തൊട്ടുകിടക്കുന്ന അയൽ ഗ്രാമങ്ങളേയും അവർ ഇനിയെങ്കിലും ഓർക്കുമെന്നു വിചാരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക്ക് വർക്ക്സിൽ ഒറിജിനൽ വർക്ക്സ് എന്ന ഇനത്തിൽ എത്ര സംഖ്യയാണ് കൊള്ളിച്ചിട്ടുള്ളത്. ഗസ്റ്റ് ഹൌസ്, ടൌൺഹാൾ മുതലായ കെട്ടിടങ്ങൾ പണിയുവാൻ പണം മുഴുവനും അങ്ങനെ അവസാനിപ്പിക്കുന്നു. ഈ പണംകൊണ്ടു ഗ്രാമങ്ങളെ പുഷ്ടിപ്പെടുത്തട്ടെ. കാലം നന്നാകുന്നതുവരെ ഇതുവരെ സുഖമനുഭവിച്ച പട്ടണവാസികൾ ക്ഷമിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

കൃഷീവലന്മാരുടെ ബുദ്ധിമുട്ടിനെക്കുറിച്ച് ഇവിടെ വിസ്തരിക്കുവാൻ നിവൃത്തിയില്ല. പശുക്കളുടെ ശല്യം ഞങ്ങളുടെ നാടുകളിൽ ധാരാളമുണ്ട്. പൌണ്ടിൽ കെട്ടുകയാണെങ്കിൽ അവർ പിഴ ഒടുക്കി പശുക്കളെ കൊണ്ടുപോയി വീണ്ടും അഴിച്ചുവിടുന്നു. പല ധനവാന്മാരും അവരുടെ കന്നുകാലികളെ മുളയ്ക്കാതെ കൃഷിക്കാരുടെ വിളവുകൾ നശിപ്പിക്കുവാൻ അനുവദിക്കുന്നു. രാത്രി കാലങ്ങളിൽ മുളയ്ക്കുന്ന സമ്പ്രദായം അവുക്കില്ല. പൌണ്ടിൽ കെട്ടിക്കുന്ന ഏർപ്പാട് ക്രൂരമാതെ വേറെ വിധത്തിൽ കർശനമായ Cattle Trespass Regulation ഞങ്ങളുടെ നാട്ടിൽ നടപ്പാക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

പബ്ലിക്ക് സർവ്വീസ് കമ്മീഷൻ ഏർപ്പെടുത്തിയതിനെക്കുറിച്ച് ഒന്നും പറയാതിരിക്കുന്നതു ഭംഗിയല്ല. ബഹുമാനപ്പെട്ട ദിവാൻജി അവർകൾ സ്തുത്യർഹമായി ചെയ്തിട്ടുള്ള കാര്യങ്ങളിൽവെച്ച് ഈ സംഗതി. പ്രഥമസ്ഥാനം വഹിക്കുന്നുണ്ടെന്നു യാതൊരു മടിയും ക്രൂരതെ പറയുവാൻ സാധിക്കുന്നതാണ്. ട്രഷറിബഞ്ചിൽ ഇരിക്കുന്നവർക്ക് എന്നു മാത്രമല്ല ഈ ഭാഗത്തിരിക്കുന്ന ഞങ്ങൾക്കും ക്രൂടി ഒരാശ്വാസമായി.

അവസാനമായി ഒന്നുക്രൂടി പറഞ്ഞു് എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഏതുവിധമായാലും നമ്മുടെ മുമ്പെ വച്ചിരിക്കുന്ന ബഡ്ജറ്റ് പ്രകാരം ദൈവാധീനം കൊണ്ടു ഇരിപ്പുണ്ടാകുമെന്നാശിച്ചു നമുക്കു സമാധാനപ്പെടാം. കൊല്ലം കഴിയുമ്പോഴല്ലേ ക്രൂടുതൽ ചിലവു വന്നുവെന്നു മനസ്സിലാകുകയുള്ളൂ. അപ്പോൾ പറയേണ്ട സമാധാനം എന്താണെന്നു് ആലോചിപ്പാൻ സമയം ധാരാളം ഉണ്ടുതാനും.

മിസ്റ്റർ. കെ. കുഞ്ഞുരാമമേനോൻ.— മിസ്റ്റർ, പ്രിസിഡണ്ട്, സർ, ഫ്രഫ-ാമാണ്ടിലെ ബഡ്ജറ്റ് സമ്മേളനത്തിൽ നിയമസഭാ സാമാജികനെന്ന നിലയിൽ എനിയ്ക്കുള്ളതായ അഭിപ്രായത്തെ ഇവിടെ പ്രസ്താവിയ്ക്കുവാൻ അവസരം തന്നതിൽ നന്ദി പറഞ്ഞുകൊള്ളുന്നു.

സർ, നമ്മുടെ നാട്ടിലെ വിവിധസമുദായങ്ങൾക്കും അവ അർഹിയ്ക്കുന്ന പ്രാതിനിദ്ധ്യം ഗവൺമെൻറുദ്യോഗത്തിൽ കിട്ടുന്നതിനുള്ള ഒരു പദ്ധതി ശ്രീവല്ലഭരിച്ചിട്ടുള്ളതു് ഉചിതമായിട്ടുണ്ട്. ചില സമുദായങ്ങൾക്കു ഗവൺമെൻറുദ്യോഗത്തിൽ അമിതമായ പ്രാതിനിദ്ധ്യമുണ്ടെന്നും, അതു നീക്കേണ്ടതു നീതിയാണെന്നുമുള്ള തത്വത്തെ അടിസ്ഥാനപ്പെടുത്തിയാണെല്ലോ ഈ പദ്ധതി രൂപീകരിച്ചിട്ടുള്ളതു്. എന്നാൽ സമു

LIBRARY ARCHIVES Kerala Legislative Assembly

ഭായങ്ങൾ തമ്മിലുള്ളതിനേക്കാൾ എത്രയോ യഥാർത്ഥവും പ്രാതിനിധ്യമേറിയതുമായ വ്യത്യാസം ഈ രാജ്യത്തിലെ ഗ്രാമീണരും നഗരവാസികളും തമ്മിൽ ഉണ്ടെന്ന് അങ്ങും സൂക്ഷിച്ചാൽ കാണാവുന്നതാണ്. ഉദ്യോഗങ്ങളിൽ ഒട്ടധികഭാഗവും നഗരവാസികൾക്കാണ കിട്ടിവരുന്നത്. വില്ലേജുകളിലെ പാവപ്പെട്ട കൃഷിക്കാർ വിയർപ്പു വീഴ്ത്തി കൊടുക്കുന്ന നികുതിയിൽ സിംഹഭാഗവും നഗരങ്ങളിലാണ ചിലവുചെയ്യുന്നത്. ഗവൺമെൻറിന്റെ സകല ആനുകൂല്യങ്ങളും നഗരങ്ങൾക്കാണ കിട്ടിവരുന്നത്. നഗരങ്ങളിലെ കൊട്ടാരങ്ങളും തെരുവീഥികളും വൈദ്യുതദീപങ്ങളാൽ പ്രകാശിപ്പിയ്ക്കുവാനും പൂന്തോട്ടങ്ങളാൽ അലങ്കരിയ്ക്കുവാനുമുള്ള സംരംഭങ്ങൾക്കു ലക്ഷക്കണക്കിനു പണം ചിലവുചെയ്തു തുടങ്ങുവാൻ ഗവൺമെൻറ് ആലോചിയ്ക്കുന്നു. ഈ അവസരത്തിൽ ഗവൺമെൻറിന്റെ നിലനില്പിനും ഗവൺമെൻറുദ്യോഗസ്ഥന്മാരുടെ വമ്പിച്ച ശമ്പളത്തിനും വേണ്ടി ധനമുണ്ടാക്കുന്ന ഗ്രാമങ്ങളുടെ സ്ഥിതിയെന്താണ്. നടക്കുവാൻ നല്ല റോഡുകളില്ല; കുടിയ്ക്കുവാൻ നല്ല വെള്ളമില്ല, കൃഷിയ്ക്കു തോടില്ല, കുളമില്ല, കൃഷിദോഷങ്ങൾ പരിഹരിയ്ക്കുവാൻ ഉത്സാഹമില്ല ഇങ്ങനെയിരിയ്ക്കെ ഗവൺമെൻറുദ്യോഗങ്ങളിൽ സാരമായ ഒരു ഭാഗം ഉൾനാടുകളിലെ ഉദ്യോഗാർത്ഥികൾക്കു നീക്കിവയ്ക്കാത്തപക്ഷം അതു വലിയ അനീതിയായിട്ടു തീരുന്നതാണ്. നിങ്ങളുടെ ഗംഭീരങ്ങളായ നഗരങ്ങൾ ഗ്രാമങ്ങളുടെ അസ്ഥിവാരത്തിന്മേലാണ് സ്ഥതിചെയ്യുന്നത് എന്ന മനസ്സിലാക്കേണ്ടുന്ന സമയം അതിക്രമിച്ചിരിക്കുന്നു.

സർ, ഞാൻ ഒരു ഗ്രാമീണനാണ്. അതിനും പുറമെ ഒരു പഞ്ചായത്തു പ്രതിനിധീകരിയ്ക്കുന്നുമുണ്ട്. എന്റെ ചിന്ത ഞാനറിയാതെ തന്നെ ഗ്രാമങ്ങളിൽ നിന്നു ഗ്രാമങ്ങളുടെ ജീവനാഡിയായ വില്ലേജു പഞ്ചായത്തുകളിലേയ്ക്കു സംക്രമിക്കുന്നു. പബ്ലിക്കു ഹെൽത്തും പഞ്ചായത്തും ഒരേ വകുപ്പുദ്യോഗസ്ഥന്റെ കീഴിൽ വേണമോ വേണ്ടയോ എന്നതിനെ സംബന്ധിച്ചു് അസുഖകരമായ ഒരു വാഗ്പ്രതിവാദം നടക്കുന്നുണ്ട്. അടിസ്ഥാന തത്വങ്ങളെ വിസ്മരിച്ചു് വ്യക്തികളിലേയ്ക്കു ദൃഷ്ടിപതിച്ചു് മത്സരബുദ്ധിയോടുകൂടി വാഗ്പ്രതിവാദം ചെയ്യുകാണുന്നതുകൊണ്ടാണ് അസുഖകരമായ വാഗ്പ്രതിവാദം എന്നു ഞാൻ പറഞ്ഞത്. വിദ്യാഭ്യാസ വകുപ്പും ഇൻഡസ്ട്രീസ് വകുപ്പും ഒരേ വകുപ്പുദ്യോഗസ്ഥന്റെ കീഴിൽ ആക്ഷേപം കൂടാതെ നടന്നുവരുമ്പോൾ നീതിക്ഷീരന്യായേന യോജിയ്ക്കുന്ന പഞ്ചായത്തു വകുപ്പും ആരോഗ്യവകുപ്പും ഒരേ വകുപ്പുദ്യോഗസ്ഥന്റെ കീഴിൽ നടന്നുവരുന്നതു കൊണ്ടുള്ള ദോഷമെന്താണെന്നു മനസ്സിലാകുന്നില്ല. അതുപോകട്ടെ, വില്ലേജുകളോടു ഗവൺമെൻറു കാണിച്ചുവരുന്ന അക്ഷന്തവ്യമായ അനാസ്ഥ വില്ലേജു പഞ്ചായത്തുകളോടും കാണിച്ചുവരുന്നുവെന്നാണ് എന്റെ ആക്ഷേപം. പഞ്ചായത്തുകളിലേയ്ക്കു Original works നു നീക്കിവയ്ക്കുന്ന സംഖ്യ എത്രയും മതിയാവാതെയാണ് ഇരിയ്ക്കുന്നതു്. അഞ്ചു വില്ലേജുകൾ കൂടിയതും ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

പ്രതിനിധീകരിയ്ക്കുന്നതുമായ പഞ്ചായത്തിലേയ്ക്ക് ഫ്രഫ്രഫ-ലെ ബഡ്ജറിൽ കൊള്ളിച്ചിരിയ്ക്കുന്ന സംഖ്യ കേവലം നാഠക മാത്രമാണ്. ഓരോ പഞ്ചായത്തുകളിലേയ്ക്കും Original works ന കൂച്ചമായ ഒരു തുക നീക്കിവയ്ക്കേണ്ടതാണ്. ഇപ്പോൾ ഗവമ്മെൻറിന്റെ ഇഷ്ടവും താല്പര്യവും പോലെ ഓരോ പഞ്ചായത്തിലേയ്ക്കും തോന്നിയ സംഖ്യ അനുവദിയ്ക്കുകയാണു ചെയ്യുന്നതു്. ഓരോ പഞ്ചായത്തിലേയ്ക്കും സംഖ്യ നീക്കിവയ്ക്കുന്നതിൽ യാതൊരു അടിസ്ഥാനതത്വവും ഗവമ്മെൻറിൽ നിന്നും അംഗീകരിച്ചു കാണുന്നില്ല. ഈ പണം ചിലവാക്കുന്നസംഗതിയിൽ പഞ്ചായത്തുകാരുടെ അഭിപ്രായത്തേയും ആശയത്തേയും അറിഞ്ഞല്ല പ്രവൃത്തികൾ ചെയ്യുവരുന്നതെന്നു വ്യസനസമേതം പറയേണ്ടിയിരിയ്ക്കുന്നു. നാടിന്റെ വളർച്ചയ്ക്കും നാട്ടുകാരുടെ നന്മയ്ക്കും ഏറ്റവും ഉതകിയ പഞ്ചായത്തു ഡിപ്പാർട്ടുമെൻറിന്റെ ഭരണം കുറച്ചു ഭാവനാശക്തിയോടുകൂടി നടത്താത്തപക്ഷം പഞ്ചായത്തുകളുടെ ഉദ്ദേശവും ഫലവും തീരെ വിപരീതമായി അനുഭവിയ്ക്കുന്നതിനു സംഗതിയാവുന്നതാണു്.

സർ, ചെറുതുരുത്തി പാലം കൊച്ചി ഗവമ്മെൻറിന്റെ യശസ്സിനു് ഒരു കളങ്കമായിട്ടാണു ഞാൻ വിചാരിയ്ക്കുന്നതു്. പരിഷ്കാരത്തിലും സൽഭരണത്തിലും ഇൻഡ്യയിൽ മുന്നണിയിൽ നില്ക്കുന്ന ഒരു രാജ്യമാണെന്നഭിമാനിയ്ക്കുന്ന ഈ രാജ്യത്തിനു കണ്ണെല്ക്കാതിരിയ്ക്കുവാൻ ആ ഭാസനിലയിൽ നിലനിറുത്തിവരുകയാണോ എന്നു് അടുത്ത ദിവസം ഈ പാലം കണ്ടപ്പോൾ എനിയ്ക്കു തോന്നി. കൊച്ചിയേയും ബ്രിട്ടീഷിനേയും കൂട്ടിഘടിപ്പിയ്ക്കുന്ന ഈ പാലത്തിന്മേൽ കൂടിയുള്ള ഗതാഗതം എത്രമാത്രമാണെന്നു പറഞ്ഞറിയിപ്പാൻ പ്രയാസം. ഈ പാലത്തിന്റെ ഒടിയുവാൻ പോകുന്ന പലകകളും പലകകളില്ലാത്ത വിടവുകളും പാലത്തിനു് ആകെ കൂടിയുള്ള ബലക്കുറവും കണ്ടാൽ അതിന്മേൽകൂടി കാൽ നടയായോ വാഹനമാർഗ്ഗമായോ യാത്രചെയ്യുന്നതിനു ഭയം തോന്നുന്നതാണു്. വണ്ടികൾ മറിഞ്ഞോ പാലം വീണോ ജീവഹാനിയും ധനനഷ്ടവും ഇതേവരെ സംഭവിയ്ക്കാതിരിയ്ക്കുന്നതു നമ്മുടെ പൊന്നു മഹാരാജാവു തിരുമനസ്സിലെ അനുഗ്രഹമാണെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. എന്നാൽ എന്തിനും ഒരു അതിരുണ്ടല്ലോ. എന്നാണു് ഈ പാലത്തിനു് ഒരു അത്യാഹിതം സംഭവിയ്ക്കുവാൻ പോകുന്നതെന്നു് ആർക്കും പറവാൻ സാധിയ്ക്കുകയില്ല. റിപ്പെയർ ആണെന്നു പറഞ്ഞു് ഇപ്പോൾ പാലത്തിന്മേൽ ചില പ്രവൃത്തികൾ ചെയ്യുവരുന്നുണ്ടു്. അതു തീരെ മതിയായ വിധത്തിലല്ലെന്നു് അനുഭവംകൊണ്ടു് എനിയ്ക്കു ഉറപ്പു പറയാൻ സാധിയ്ക്കും.

സർ, സാമ്പത്തികാധഃപതനം നീങ്ങിത്തുടങ്ങിയെന്നും, അതുകൊണ്ടു നികുതിയിളവു് ഇനി ആവശ്യമില്ലെന്നും ഗവമ്മെൻറുഭാഗത്തു നിന്നും തീരുമാനിച്ചപോലെ തോന്നുന്നുണ്ടു്. ഗവമ്മെൻറിൽ നിന്നും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത സൌജന്യത്തെ പിൻവലിയ്ക്കുവാനുള്ള അധികാരം ഗവൺമെൻറിനാണെന്നുള്ളതു വാസ്തവം തന്നെ. ഞങ്ങൾക്ക് അതിഷ്ടമില്ലെങ്കിലും പണിയുന്നതിനും മറ്റും പണമില്ല, അതുകൊണ്ട് നികുതി ഉരുപ്പികയ്ക്ക പതിനാറണ വീതം തന്നെ പിരിയ്ക്കുവാൻ തീർച്ചയാക്കി. പതിനൊന്ന് എന്ന് മറുഭാഗത്തുനിന്നും പറഞ്ഞിരുന്നെങ്കിൽ അതിന് അർത്ഥമുണ്ടായിരുന്നു. എന്നാൽ സാമ്പത്തികാധഃപതനം നീങ്ങി, അതുകൊണ്ടു നികുതിയിളവു വേണ്ട എന്നു പറയുന്നതു് അസംബന്ധമാണ്. സാമ്പത്തികാധഃപതനം നീങ്ങീട്ടില്ലെന്നതന്നെയല്ല, നീങ്ങുവാനുള്ള ലക്ഷണങ്ങളും കാണുന്നില്ല. കാർമ്മേഘങ്ങളുടെയിടയിൽ രജതരേഖകാണുന്നില്ലെന്നതന്നെയല്ല ദിഗ്മുഖങ്ങൾ പൂർവ്വാധികം കറുത്തിരുണ്ടു കൂടുന്നതേയുള്ളൂ. ഈ അവസരത്തിൽ നികുതി കൂട്ടുന്നതു സാഹസമാണ്, അനീതിയാണ് അന്യായമാണ്. ഇതുമാത്രമേ ഈ വിഷയത്തെക്കുറിച്ച് ഇപ്പോൾ ഞാൻ പറയുന്നുള്ളൂ.

സർ, നികുതിയിളവു മാത്രമല്ല, വിദ്യാഭ്യാസത്തിൽ സ്കൂൾ കുട്ടികളുടെ ഫീസിലും ന്യായമായി എന്തെങ്കിലും കിഴിവുചെയ്തു കൊടുക്കേണ്ടതു് എന്തുമാത്രം അത്യാവശ്യമാണ്. ഈ നിയമസഭ പലകുറി ആവശ്യപ്പെട്ടിട്ടുള്ള ഒരു സംഗതിയാണ് ഇതു്. ഗവൺമെൻറു് ഉത്തരവാദിതപ്രമുഖതാണ് എന്നു ദിവാൻജി അവർകളുടെ പ്രാരംഭപ്രസംഗത്തിൽ പറയുകയും, ചില ഉദാഹരണങ്ങളും അതിലേയ്ക്ക് എടുത്തു പറയുകയും ഉണ്ടായി. ജനപ്രതിനിധികളും ആവശ്യപ്പെടുന്നതിൽ ചിലതുമാത്രം സ്വീകരിച്ചതുകൊണ്ട് ഉത്തരവാദിതപ്രഭരണമായില്ലെന്നും, ആ അഭിപ്രായങ്ങളും ഗവൺമെൻറിൽനിന്നു സ്വീകരിച്ചു എന്നുമാത്രമേ അതിന് അർത്ഥമുള്ളൂവെന്നും ഞാൻ സവിനയം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. തുടരെത്തുടരെ ജനപ്രതിനിധികളും ആവശ്യപ്പെട്ടിട്ടുള്ളതാണ് ഫീസിളവുകായ്യം. ഉത്തരവാദബോധമുള്ള ഒരു ഗവൺമെൻറിനു ജനങ്ങളുടെ ഈ ആവർത്തനാഭിപ്രായത്തെ ആദരിക്കേണ്ടുന്ന ചുമതലയുണ്ട്.

പ്രാഥമിക വിദ്യാഭ്യാസത്തെ നിർബ്ബന്ധവും സൌജന്യവും ആക്കുന്നതിനുള്ള ബിൽ സിലക്ററു കമ്മിററിയുടെ ആലോചനയിൽ ഇരിക്കുകയാണല്ലോ. അതിനു മുമ്പായി പ്രാഥമിക വിദ്യാഭ്യാസം മുഴുവനും സർക്കാരിൽനിന്നും ഏറെറടുത്തു നടത്തേണ്ടതാണ്. സെക്കൻററി സ്കൂളുകൾ സൌകര്യമുള്ളിടത്തോളം സ്വകായ്യ സ്ഥാപനങ്ങൾക്കു വിട്ടുകൊടുക്കേണ്ടതുമാണ്. ഈ കായ്യത്തിൽ ഖണ്ഡിതമായ ഒരു തീരുമാനം താമസിയാതെ ഉണ്ടാക്കേണ്ടതാണെന്ന് ഞാൻ ഗവൺമെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

സർ, പോലീസു സൈന്യത്തിൽ കൂടുതൽ ആളുകളെ ചേർത്തു സൈന്യത്തെ വിപുലപ്പെടുത്തുന്നതിനു തീരുമാനിച്ചതായി ബഡ്ജറുകൊണ്ടു കാണുന്നുണ്ട്. എന്നാൽ ഈ സൈന്യത്തെ എവിടെ നിറുത്തുമെന്നോ ഏതുഭാഗങ്ങളിലേക്കാണ് ഉദ്ദേശിച്ചിരിയ്ക്കുന്നതെന്നോ മന

LIBRARY ARCHIVES Kerala Legislative Assembly

സ്സിലാക്കുന്നില്ല. എക്സൈസു സംബന്ധമായും മറ്റും പലതരം കുറ്റങ്ങളും കേസ്സുകളും ബ്രിട്ടീഷ് അതൃത്തിയിലും തിരുവിതാംക്കൂർ അതൃത്തിയിലും ക്രൂടതൽ ഉള്ളതായിട്ട കാണാവുന്നതാണ്. പോലീസു സൈന്യത്തിനു ശക്തി പോരാത്തതുകൊണ്ട് ഈ കേസ്സുകളിൽ പലതും പിടിപ്പാൻ സാദ്ധ്യമാകാതേയും, തുമ്പുണ്ടാകാതേയും പുള്ളികൾ ശിക്ഷയിൽനിന്നും രക്ഷപ്പെടുകയും ഗവമ്മെൻറിനു നഷ്ടം സംഭവിക്കുകയും ചെയ്യുന്നുണ്ട്. ഈ സ്ഥിതി പരിഹരിക്കുന്നതിലേയ്ക്കായി ക്രൂടതൽ സൈന്യത്തെ ഇപ്രകാരമുള്ള അതൃത്തികളിൽ സ്ഥാപിയ്ക്കുന്നതു് എത്രയും ആവശ്യമാണ്. തലപ്പിള്ളി താലൂക്കിൻെറ വടക്കെ അതൃത്തി കിഴക്കുനിന്നും പടിഞ്ഞാട്ട് ഉദ്ദേശം ഫർലാങ്ക് ഉള്ളതുകൊണ്ട് ഈ സൈന്യത്തിൽ ഒരു നല്ല വിഭാഗത്തെ ടി അതൃത്തിയിൽ നിറുത്തേണ്ടതാണെന്നു ഞാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനോടപേക്ഷിക്കുന്നു.

സർ, അവസാനമായി മറെറാരു സംഗതികൂടി ഞാൻ നിർദ്ദേശിച്ചുകൊള്ളട്ടെ, ഗവമ്മെൻറിൻെറ വരവിനങ്ങൾ വർദ്ധിയ്ക്കുന്ന സ്വഭാവത്തോടുകൂടിയതല്ലെന്നും ചിലവിനങ്ങൾ സ്വയമേവ വർദ്ധിച്ചു കൊണ്ടിരിയ്ക്കുന്നുവെന്നും കഴിഞ്ഞ ഏതാനും കൊല്ലത്തെ ബഡ്ജറുകൾ താരതമ്യപ്പെടുത്തി നോക്കിയാൽ കാണാവുന്നതാണ്. ചിലവു ചുരുക്കേണ്ടുന്നതിനുള്ള മാർഗ്ഗങ്ങളെക്കുറിച്ചു ഗവമ്മെൻറു ക്രൂലങ്കഷമായി ചിന്തിയ്ക്കേണ്ടുന്നതായ ഒരു ഘട്ടത്തിൽ ഇപ്പോൾ എത്തിച്ചേർന്നിട്ടുണ്ട്. ബ്രിട്ടീഷിലെ ഒരു താലൂക്കിനോളം മാത്രം വലിപ്പമുള്ള ഈ രാജ്യത്തിലെ ഉയർന്ന ഉദ്യോഗസ്ഥന്മാർക്കു കിട്ടിവരുന്ന ശമ്പളം ആപൽക്കരമായ വിധത്തിൽ അധീകരിച്ചതാണെന്നു പരക്കെ ആക്ഷേപമുണ്ട്. താല്ക്കാലികമായി മാത്രമല്ല, ശാശ്വതമായിതന്നെ ഈ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കുറയ്ക്കേണ്ടുന്നതായ ഘട്ടം ആസന്നമായിരിയ്ക്കുന്നു. അയൽ രാജ്യമായ തിരുവിതാംക്കൂറിൽ ശമ്പളത്തോതുകളിൽ വിപ്ലവകരമായ വ്യത്യാസങ്ങൾ അടുത്തകാലത്തു വരുത്തിയതായി അറിയുന്നു. അതിനു പുറമെ ചില ഡിപ്പാർട്ടുമെൻറുകൾ യോജിപ്പിച്ചു നടത്തുന്നതു ചിലവു ചുരുക്കുന്നതിനു നന്നായിരിയ്ക്കും. രാപ്പകൽ കച്ചേരിയിലും വീട്ടിലുംവച്ചു പ്രവൃത്തിയെടുത്തു ബുദ്ധിമുട്ടുന്ന മുൻസിഫന്മാർക്ക് ലഭിച്ചുവരുന്ന ഒരു വിശ്രമാവസരമാണ് രജിസ്ട്രേഷൻ സൂപ്രണ്ട് ഉദ്യോഗമെന്നു പ്രസിദ്ധമായിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻെറ ജോലികൾ എത്രയും പരിമിതമായിട്ടുള്ളതും, എത്രയും നിഷ്പ്രയാസം വഹിയ്ക്കാവുന്നതുമാണ്. രജിസ്ട്രേഷൻ ഡിപ്പാർട്ടുമെൻറിനും അഞ്ചൽ ഡിപ്പാർട്ടുമെൻറിനുംകൂടി ഇപ്പോഴത്തെ രജിസ്ട്രേഷൻ സൂപ്രണ്ടിൻെറ ഗ്രേഡിലുള്ള ഒരു ഉദ്യോഗസ്ഥൻ മാത്രം മേലധികാരിയായി ഉണ്ടായാൽ മതിയാവുന്നതാണ്. നല്ലതായ ഒരു സംഖ്യ ഗവമ്മെൻറിലേയ്ക്ക് ഇതുകൊണ്ടു മിച്ചം ഉണ്ടാകുന്നതുമാണ്.

അനുദ്യോഗസ്ഥാംഗങ്ങളുടെ അഭിപ്രായങ്ങൾ—ദിവാൻ പ്രസിഡ

LIBRARY ARCHIVES Kerala Legislative Assembly

ൻറവർകൾ എന്തുതന്നെ പറഞ്ഞാലും ആയതു് —ഗവമ്മെൻറു് അം ഗീകരിക്കുന്നതു് അസാധാരണ മാത്രമായിട്ടാണു കാണുന്നതു്. ഗവ ൎമ്മെൻറിൻെറ ചിലവിനങ്ങളിൽ സാരമായ കുറവുകൾ വരുത്താത്തപ ക്ഷം നമ്മുടെ ഗവമ്മെൻറിൻെറ ഭാവി എന്താണെന്ന ഭാവനാശക്തി യുള്ളവക്കൊക്കെ നിഷ്പ്രയാസം കാണാവുന്നതാണു്.

ഈ കാര്യത്തിലേയ്ക്കു് ഗവമ്മെൻറിൻെറ പ്രത്യേക ശ്രദ്ധയെ സ വിനയം ക്ഷണിച്ചുകൊണ്ടു് എൻെറ ചെറുപ്രസംഗത്തെ ഞാൻ അവ സാനിപ്പിച്ചു കൊള്ളുന്നു.

**Mr. C. P. Lonappan.**—Sir, the Finance Member has placed before the House a surplus budget ; but this cannot be a matter for congratulation as in all likelihood this budget too, like the surplus budget of last year, may close with a big deficit. Besides as explained in the Explanatory Memorandum, the increase under Land Revenue is brought about at the expense of the poor agriculturists. Even the remission of 12½ % in land tax did not give much tangible relief to the suffering ryots who are hard hit by the fall in the prices of the agricultural produces, consequent upon the acute economic depression. When the country is still feeling the pangs of this widespread distress, I am surprised to see that the Government can entertain hopes of economic recovery and contemplate stopping even this small remission. Government have been too sanguine in their hopes in this matter and will do well to extend the concession of the remission for some time longer.

I feel also sorely disappointed in not finding in the budget any proposal indicating a bold industrial and commercial policy calculated to promote the material prosperity of the State. It is a matter of common knowledge that much money is spent by all civilised Governments for the advancement of commerce and industries in their countries. The pre-eminent position which America, England and Japan occupy in the world to-day, is due to their policy of industrialisation and commercial expansion.

Cochin State is endowed by nature with very fine natural resources and an excellent system of water communication; and yet owing to a deplorable lack of policy on the part of the Government and the absence of economic enterprise in her people, it has all along remained an agricultural land, producing only paddy and raw materials, devoting little or no interest for utilising these natural resources for its economic betterment.

LIBRARY ARCHIVES Kerala Legislative Assembly

The want of industrial life in our State, not only reflects upon the business capacity of its capitalists and the policy of the Government, but also has been responsible for the growing unemployment and poverty of the masses. Without the expansion of trade and industries, it is impossible for Cochin to maintain a sufficiently high level of prosperity and thus solve this problem of unemployment and the growing social distress among the people. Besides, if our economic resources are developed it would considerably add to the revenues of the State, which for the past several years, except for the receipts under 'Customs', has remained almost static.

It is worthwhile to compare the economic position of our State with that of Mysore. Mysore has made gigantic strides in the development of her industries and to-day it is industrially the most flourishing among the native States of the Indian Empire. This is because, the Government of Mysore adopted a policy of industrialisation sufficiently early and spent crores of rupees in utilising the natural resources of the State and her raw materials for promoting the economic prosperity of her people. Today Mysore has a net-work of such great industries as the Badravathi Iron Works, Mysore Sandal Wood and Soap Works, Mysore Silk Works, Sivasamudram Hydro-Electric Works, Mysore Sugar Works, etc.

These industries have not only added to the prosperiity of the people, but have also contributed to the revenues of the State considerably.

Travancore too has woke up in this direction, and she is forging ahead in the field of industrial expansion. There is the Pallivasal Hydro Electric Scheme, the Punaloor Paper Mills and the Government Rubber Factory already at work.

Coming nearer home, in Cochin, we are still living in an age of economic stagnation, in spite of the natural facilities at our command and in spite of the railway conversion and the imminent emergence of Cochin as a major port.

It is true that during the reign of his H. H. the late abdicated Maharaja of revered memory—the maker of modern Cochin—some pioneer work was done to start Cochin on the road to commercial and industrial prosperity. His trusted minister, Mr. (now Sir) A. R. Banerjee opened a few industrial schools and inaugurated the department of industries under a separate departmental head. Unfortunately, this department did not produce any tangible results; and it is not surprising

LIBRARY ARCHIVES Kerala Legislative Assembly

when I remind the House that this new Department, even shortly afterwards, was made a minor department and then tacked on to the Department of Education.

To explore the mineral resources and their industrial possibilities a geological survey was undertaken, though no attempt was made to carry out the recommendations made in the report. Sir Joseph Bhore, during his stewardship of this State, ordered a detailed survey for the industrial development of Cochin, such as the Poringalkuthu Hydro-Electric Scheme, a re-alignment of the tramway along the Sholayar valley, and the opening of a Paper Mill at Chalakudy. But unfortunately, he could not find his way to carry out any of these schemes. Is it too much to expect that under more favourable conditions, prevailing to-day, Government would make an earnest attempt to carry out the schemes of Sir Joseph Bhore, for the economic prosperity of the State?

If Sir Joseph Bhore's successor had carried out the Hydro-Electric scheme, the Pallivasal Scheme would not perhaps have been attempted and our State would have had the benefit of cheap electric power long, long ago. In that case our industries would have developed and we would have been in a position even to sell power to Travancore.

The next Diwan Mr. (now Sir) T. Vijayaragavachariar obtained the services of one Mr. Subbaya as industrial superintendent and started such handicrafts as wood-carving etc., in the State Museum. The same Dewan also launched into bigger industrial enterprises such as the Potteries and Tanneries in Chalakudy and several lakhs of rupees were spent on them. But on account of the failure of the management which was in the hands of men who did not know anything of business, these two concerns very soon proved to be failures and had to be finally abandoned. After Sir Vijayaraghavachariar's regime, there followed a lull in the industrial activities of the Government. Mr. T. S. Narayana Iyer did not take any interest in the industrial activities, probably because he was discouraged by the failures of the Pottery and Tannery.

Under Diwan Mr. C. G. Herbert, there was a revival in the industrial policy of the State. He gave a new life to the stoneware factory by appointing a pottery expert, to work the concern on a commercial scale. As a result of representations made by the Trichur Merchants' Association, he also restored the Commerce Seat in the Legislative Council. It was again

LIBRARY ARCHIVES Kerala Legislative Assembly

in Mr. Herbert's time that the Railway conversion was completed and the negotiation with the Madras and the Imperial Governments for the final settlement of the Harbour question begun.

It was at this juncture that you, Sir, took over the reins of the administration of the State. Your international reputation for statesmanship and ability as a financier and industrialist has naturally roused new hopes in us that your regime will usher an era of commercial and industrial renaisance in our State. Judging from what you have so far succeeded in accomplishing during the short period you were at the helm of the State, we have reason to believe that our high expectations in you would be realised. There was a time, not long ago, when the people were anxious that, after all, the dream of a first rate port may not be materialised—so insurmountable and unbending appeared the difficulties. But by your courageous and skilful statesmanship, you were able to steer clear of all difficulties and bring the negotiation to a settlement, which will not only expedite the completion of the harbour, but will also safeguard the honour and the interests of the State. I avail myself of this opportunity to congratulate you, Sir, on this eventful achievement of yours.

The conversion of the Railway into the broadguage and the imminent emergence of Cochin as a major harbour make us hopefully to look forward to a brighter future for the trade and commerce of the State; and it, therefore, behoves the Government to lose no time, in launching forward a bold and active policy of industrial reconstruction and commercial expansion. In your reply to the address presented to you by the citizens of Cochin on the 21st April 1935, you made the following observations. You then said that "Cochin had vast economic resources which had not been tapped even on the surface, and that unless steps were taken for the industrial advancement in the State, the people would be confronted with problems far more complex than what they had to face so far". You added that " the only solution for the unemployment was commercial and industrial development".

As the Commerce representative in the State Legislature it is my paramount duty, to convey to you the desire and willingness of the businessmen in Cochin to take the fullest advantage of the commercial and industrial possibilities now opened out to them, provided the Government could render them all possible help in this direction.

LIBRARY ARCHIVES Kerala Legislative Assembly

As has been already referred to, the availability of cheap electric power, is an essential factor towards the rapid industrialisation of the State. The industrial history of Mysore in recent times confirms this. The establishment of small Thermal Stations in select areas may even create a demand for electricity; but they can neither meet fully our industrial need, nor supply current at so low rates as may help the growth of our industries. And I am sure that the Government must take up the Poringalkoothu Hydro-Electric scheme when they find that there is sufficient demand for power.

One of the essential functions of all modern governments is to promote industrial prosperity by rendering all possible help, especially to infant industries. Our Government have not so far considered this as one of its duties. The time, however, has come to appoint a small tariff board to investigate into the present state of our industries and to make recommendations as to the nature and extent of help these industries should have from the Government for their stabilisation. The Government upon such recommendations should either subsidise such industries or grant loans at low rates of interests, repayable in small instalments. It is also necessary to grant a few scholarships to deserving University Graduates to undergo training in higher technology in foreign countries, such as, Germany and Japan.

Government cannot carry out any vigorous industrial programme unless it removes the industries section from the department of education and entrust it to the control of a separate departmental head. Alongside with this change, a commercial intelligence bureau may also be usefully established to gather statistical information relating to the commerce and industries of the State.

It is very much to be deplored that at a time when the businessmen of the State depend very greatly on the help and protection of the Government, that the new burden of income-tax has been imposed on the merchants and industrialists.

Perhaps our Government was guided in this matter by the fact that income-tax is generally levied in other countries. But for some years to come the Government should show every consideration in the matter of the assessment and the collection of the tax. The recent proposal to enhance the rates of income, has therefore been viewed with alarm by the large body

LIBRARY ARCHIVES Kerala Legislative Assembly

of businessmen. Although a general reduction of rates may not be possible, I earnestly recommend to your sympathetic consideration, the question of fixing a taxable minimum for the joint stock companies avowedly started with the object of developing industries which go to solve the problem of unemployment in however small a degree. As it is the declared policy of the Government to extend a helping hand to new industries, it will be a welcome gesture if some concession is shown to such concerns.

Another matter in which my constituency has a real grievance is the Government policy to make all State investments in outside Banks. In Cochin there are several well-established and long standing business concerns, enjoying the confidence of the public. I will be failing in my duty, if I do not bring to your notice the necessity of recognising the claims of some of these indigenous banking concerns, and deposit Government funds in them. The justice of this claim will appeal to you when regard is had to the fact that some of these banks have substantially contributed to the public loans and it will only be fair if the Government were to make investments in them at least to the amount of their contributions.

A similar grievance is felt in the matter of the contracts relating to the distilleries and the supply of Salt. There are in the State rich businessmen who are quite competent and prepared to undertake these contracts; but so far their request to Government not to reject their tenders in preference to those of the outside contractors, have been a cry in the wilderness. May I request you, Sir, that at least now the Government will do justice to the claims of bona-fide Cochinities who tender for these contracts and who should be preferred when other things are equal.

I believe, I have in the course of my speech sufficiently impressed upon the Government the urgent necessity for an active industrial and commercial policy. But no scheme of industrial and commercial expansion will be productive of the beneficient results aimed at, unless it is linked up side by side with a sound programme of the development of the means of communications. Cochin has an excellent system of natural water-ways which enabled the merchants from very early times to transport their merchandise at very cheap rates. But with the advent of the railway, the Government began to neglect the maintenance of these waterways with the result that they have now generally fallen into disuse, and fresh ones are not taken

LIBRARY ARCHIVES Kerala Legislative Assembly

up. But it is very gratifying now to see that you, Sir, have realised the importance of waterways for Cochin and have taken up the question. I hope that before long we from Trichur will be able to communicate with the Great Harbour through a waterway.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ദക്ഷിണേൻഡ്യയിലെ സൌന്ദര്യറാണിയായി ബഹുമാനപ്പെട്ട ധനകാര്യവിദഗ്ദ്ധൻ ഇന്നലെ അഭിസംബോധനംചെയ്ത ഈ കൊച്ചിയിലെ ആയവ്യയക്കണക്കിനെപ്പറ്റി പൊതുവെ വിമർശിയ്ക്കുവാൻ സംവത്സരത്തിലൊരിയ്ക്കൽ പൊതുജനപ്രതിനിധികളായ ഞങ്ങൾക്കു ഗവൺമെൻറു നൽകിയിരിയ്ക്കുന്ന ഈ അവസരത്തെ യഥാമതി നിർവ്വഹിയ്ക്കുവാനാണ് ഈ പ്രസംഗംമൂലം ഞാൻ ഉദ്ദേശിയ്ക്കുന്നത്.

കഴിഞ്ഞകൊല്ലത്തെ ബഡ്ജറു് ഇവിടെ അവതരിപ്പിച്ചു് ഉദ്ദേശം നൂറു,൦൦൦-ൽ പരംഉറുപ്പിക നീക്കിയിരുപ്പുണ്ടാകുമെന്നു് അന്നത്തെ ബഹുമാനപ്പെട്ട ഫിനാൻസുമെമ്പർ പ്രസംഗിച്ചപ്പോൾ അദ്ദേഹത്തിന്റെ ദീർഘദർശനം ഫലഫ൦-ലെ അനുഭവംവെച്ചു നോക്കുകയാണെങ്കിൽ എട്ടൊൻപതുലക്ഷം കടത്തിലായിരിയ്ക്കും എന്നു് അന്നു ഞാൻ ഇവിടെ പ്രസ്താവിച്ചതു പലർക്കും ആശ്ചര്യത്തിനിടയായിരുന്നു. എന്നാൽ ഇത്തവണത്തെ ബഡ്ജറു വന്നപ്പോൾ "പണിക്കരുടെ പ്രശ്നം ഫലിച്ചു" എന്നപറയാതെ വരില്ല. ഞാൻ പ്രശ്നം പറയുന്ന പണിക്കരല്ലെങ്കിലും പറഞ്ഞ പ്രശ്നം ഫലിയ്ക്കുന്ന പണിക്കരാണെന്നു് ഇപ്പോൾ എനിയ്ക്കു തികച്ചും അഭിമാനിയ്ക്കാറായിട്ടുണ്ടു്.

എന്നാൽ എന്റെ യോഗ്യതയോ ഫിനാൻസുമെമ്പരുടെ അയോഗ്യതയോ ഗവൺമെൻറിന്റെ അമിതവ്യയശീലമോ ഏതാണു് എന്നെ ഈ സ്ഥാനത്തേയ്ക്കുത്തിച്ചതെന്നു കായ്മംമാത്രം ഇപ്പോഴും നല്ല തീർച്ചയായിട്ടില്ല.

കഴിഞ്ഞതവണത്തേയും ഇത്തവണത്തേയും ബഡ്ജറിന്റെ വ്യത്യാസം സ്പഷ്ടമാണെല്ലോ. ഇത്തവണത്തെ ബഡ്ജറു് എല്ലാംകൊണ്ടും നമ്മുടെ ഫിനാൻസു് മെമ്പർക്കു് ഏറ്റവും അനുരൂപമായിരിയ്ക്കുന്നുണ്ടു്. പക്ഷേ അതിനെ എത്രത്തോളം നന്നാമെന്നുള്ള വിചിന്തനത്തിനു ഞാൻ മുതിരുന്നില്ല. ആകൃതിയെമാത്രം ഗണിച്ചുകൊണ്ടു് അഭിപ്രായം പറഞ്ഞാൽ ചിലപ്പോൾ പ്രകൃതിഗുണം കാണാതെ വന്നേയ്ക്കും. അദ്ദേഹത്തിന്റെ നീല നദിപോലെ ദീർഘമേറിയ പ്രസംഗത്തിനു ഞാൻ ഒരു ദീർഘനമസ്കാരംതന്നെ ചെയ്തുകൊള്ളുന്നു. എങ്കിലും ഈ ബഡ്ജറുകൊണ്ടു actuals വരുമ്പോൾ ഇക്കൊല്ലത്തേക്കാൾ ഇരട്ടി കടം ഉണ്ടാകുമെന്ന ദുഃസ്ഥിതി നോക്കി ഇപ്പോഴും ഒരു പ്രശ്നം ചെയ്യാ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ൻ എനിയ്ക്ക് ധൈര്യമുണ്ട്. ഇങ്ങിനെയുള്ള ഒരു ബഡ്ഡറു തയ്യാറാക്കാൻ വലിയ വൈദഗ്ദ്ധ്യംതന്നെ ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇനി മറുവിഷയങ്ങളിലേയ്ക്ക് പ്രവേശിയ്ക്കാം.

ഗവമ്മെൻറു സവ്വീസിൽ അപ്രാതിനിദ്ധ്യം വഹിയ്ക്കുന്ന സമുദായങ്ങളുടെ നിരന്തരമായുണ്ടായിരുന്ന മുറവിളി ഇതുവരെ വനരോദനമായിതന്നെയാണു കിടന്നിരുന്നതു്. എന്നാൽ ഒരു വിദേശി എന്നു പറഞ്ഞാൽതന്നെ പോര, ഒരു യൂറോപ്യൻതന്നെ കൊച്ചിയിലെ ദിവാൻജിയായി വന്നപ്പോൾ ഈ പ്രശ്നത്തിന് ഒരു പരിഹാരമുണ്ടാക്കുവാൻ അദ്ദേഹം വളരെ പരിശ്രമിയ്ക്കുകയും, അതിൻെറ ഫലമായി ഗർത്തിൽതന്നെ മരിച്ചുപോയ ഒരു പബ്ളിക്ക് സവ്വീസ് കമ്മീഷൻെറ തോടയം കഴിച്ചുവച്ചതായും ഏവർക്കും അറിയാം. എന്നാൽ തീരെ അസാദ്ധ്യമാണെന്നു തോന്നിയിരുന്ന ഈ പ്രശ്നത്തിന് ഇപ്പോഴെങ്കിലും ഒരു തീരുമാനമുണ്ടാക്കിയതിൽ ദിവാൻജിയവർകളെ എത്രതന്നെ അഭിനന്ദിച്ചാലും അനുമോദിച്ചാലും മതിയാവുന്നതല്ല. ഏതെല്ലാം പ്രതിബന്ധങ്ങളോടു മല്ലിട്ടാണു് ഈ വിജയം നേടിയതെന്നാലോചിയ്ക്കുമ്പോൾ ദിവാൻജിയവർകൾ നമ്മെകിയ ഈ അനുഗ്രഹത്തെ രാഷ്ട്രീയമായി പുറന്തള്ളപ്പെട്ടുകിടക്കുന്ന എല്ലാ സമുദായങ്ങളും അവരുടെ സന്താനങ്ങളും ഉള്ളിടത്തോളം കാലം കൃതജ്ഞതാപൂവ്വം സ്മരിക്കാതിരിയ്ക്കയില്ല. കൊച്ചിയിലെ ദിവാൻജിമാരായി വിദേശികൾതന്നെ വേണമെന്നു വാദിയ്ക്കുവാൻ അവശസമുദായങ്ങളെ പ്രേരിപ്പിച്ചതും പ്രേരിപ്പിയ്ക്കുന്നതുമായ സംഗതി ഈ രാഷ്ട്രീയ അസമത്വമാണു്. എന്നാൽ ഈ അവസരത്തിൽ എനിയ്ക്ക് ഒരു സംഗതിക്കൂടി ഗവമ്മെൻറിനെ ധരിപ്പിയ്ക്കേണ്ടതുണ്ടു്. അതു മറെറാന്നുമല്ല. അവശസമുദായങ്ങൾക്കും അഹിന്ദുക്കൾക്കും പ്രവേശനം നിരോധിച്ചിട്ടുള്ള ദേവസ്വം, പാലസ്സ്, നായർ-ബ്രിഗേഡ് മുതലായ ഡിപ്പാർട്ടുമെൻറുകളിലേയ്ക്കു മറു വോട്ടബിൾ ഡിപ്പാർട്ടുമെൻറുകളിൽനിന്നും ചുരുങ്ങിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരെ ക്രട്ടതൽ ശമ്പളത്തിൽ നിയമിയ്ക്കുകയും, പിന്നീടു ക്രട്ടതൽ ശമ്പളം വാങ്ങുന്നുവെന്ന കാരണത്തിന്മേൽ മറുള്ളവരുടെ മേൽ നിയമിച്ചുവരികയും ചെയ്യുവരുന്ന അനാശാസ്യകരമായ ഈ ദുഷിച്ച സമ്പ്രദായത്തെയും ക്രടി ദിവാൻജിയവർകൾ നിയന്ത്രിയ്ക്കുകയും ഇപ്പോഴത്തെ ഈ നിയമനിമ്മാണം വില്ലേജുദ്യോഗങ്ങളേയും ഗ്രാൻറുസ്കൂളുകളേയും ക്രടി ബാധിപ്പിയ്ക്കുകയും ചെയ്താൽ മാത്രമേ ഇതിൻെറ ഫലം അനുഭവിയ്ക്കുകയുള്ളുവെന്നുംക്രടി ദിവാൻജിയവർകളെ ഞാൻ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഇനി ഇതുപോലെതന്നെ പ്രധാനമായ മറെറാരു സംഗതിയെപ്പറ്റിയും എനിയ്ക്കു വിശേഷാൽ ഒരു വാക്കു പറയുവാനുണ്ടു്. തൃശ്ശിവപേരൂർ, തലപ്പിള്ളി ഈ താലൂക്കുകളെ പ്രധാനമായും മുകുന്ദപുരം താലൂക്കിനെ സാമാന്യമായും സ്പർശിയ്ക്കുന്ന അടയ്ക്കാ വ്യവസായത്തെ ബാധിയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നതും അടുത്തകാലത്തു് അവതരിച്ചതുമായ താടകയാകുന്ന ഫ്ലഫ്ഹാ-ലെ ഒന്നാം റഗുലേഷനെ വധിച്ചു് അടയ്ക്ക കൃഷിക്കാക്കും, അടയ്ക്ക വ്യവസ്സായികർക്കും അനുഗ്രഹം കൊടുത്ത പുണ്യകർമ്മമാണു് അതു്. ഒരു വ്യക്തിയുടെ സ്വാർത്ഥപൂരണത്തിനുവേണ്ടി ഈ രാജ്യത്തെ ഒരു പ്രധാനകൃഷിയും വ്യവസായവുമായ അടയ്ക്ക കൃഷിയേയും വ്യവസായത്തെയും വേരോടെ നശിപ്പിയ്ക്കുവാൻ പുറപ്പാടായിരുന്ന ആ നിയമം തീരെ അക്രമവും നിരർത്ഥകവുമാണെന്നു് എപ്പോഴും ദിവാൻജിയവർകൾക്കു ബോദ്ധ്യപ്പെട്ടതോ അതേനിമിഷത്തിൽതന്നെ ആ ക്രൂര രാക്ഷസിയെ നിർദ്ദയം വധിച്ചു് ആവശ്യപ്പെട്ട സ്ഥലങ്ങളിലെല്ലാം ചന്തകൾക്കു ലൈസൻസുകൊടുത്തു് അടയ്ക്ക കൃഷിക്കാരേയും അടയ്ക്ക വ്യവസായികളേയും രക്ഷിച്ചതിനു ദിവാൻജിയവർകളോടുള്ള അളവറ്റ കൃതജ്ഞതയേയും ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു. എന്നാൽ ചന്തയിൽ വില്ക്കുന്ന കളിയടയ്ക്കയുടെ വിലയ്ക്കു് പകരം ഓട്ടുപാറ ചന്ത ഉടമസ്ഥൻ കൊടുത്തുവരാനുള്ള കടലാസുകഷണത്തിനും, തുറ ഉറപ്പികയ്ക്കു നാലണവീതം വട്ടം കൊടുക്കേണ്ടതാണെന്നും, അതിൽ കൂടുതൽ വാങ്ങിയ്ക്കുവാൻ പാടില്ലെന്നും അടുത്ത അവസരത്തിൽ ഗവ മ്മെൻറു ഗസറ്റിൽ കാണുകയുണ്ടായി. നമ്മുടെ സാധനം കൊടുത്താൽ അപ്പോഴുംതന്നെ ഉറപ്പിക തരേണ്ടതിനു പകരം രൊക്കം പണം ഇല്ലായ്കയാൽ ചന്ത ഉടമസ്ഥൻ തരുന്ന കടലാസുകഷണത്തിനും കൂടി വട്ടമോ നീളമോ കൊടുക്കണമെന്നു പറയുന്നതു് ഒട്ടുംതന്നെ ആശാസ്യകരമല്ല. ഗസറ്റിലെ ഈ പ്രഖ്യാപനം മൂലം രൊക്കം പണംകൊടുക്കുവാൻ കഴിവുള്ളവരും കൂടി കൊടുക്കാതിരിയ്ക്കാനാണെല്ലോ ന്യായം കാണുന്നതു്. സാധുക്കളായ അടയ്ക്ക വ്യവസായികളെ ചൂഷണം ചെയ്യാൻ സൌകര്യപ്രദമായ ഈ പ്രഖ്യാപനം ദുർബലപ്പെടുത്തുകയും നേരെമറിച്ചു് അടയ്ക്ക വാങ്ങുന്നവർ ഉറപ്പിക രൊക്കം കൊടുക്കാനില്ലാതെ കടലാസു തുണ്ടുകൊടുക്കുന്നുണ്ടെങ്കിൽ രൊക്കം പണം കിട്ടുന്നതിനു് അടയ്ക്ക വിറ്റവർ എന്തു വട്ടംകൊടുക്കേണ്ടതായി വരുന്നുവോ ആ നഷ്ടം അടയ്ക്ക വാങ്ങുന്നവനിൽനിന്നോ ചന്ത ഉടമസ്ഥനിൽനിന്നോ പിരിച്ചെടുപ്പാൻ അധികാരവും അവകാശവും ഉണ്ടാകത്തക്ക മറ്റൊരു പ്രഖ്യാപനം ഉടനെ പ്രസിദ്ധപ്പെടുത്തേണ്ടതാണെന്നു ധർമ്മബുദ്ധ്യാ ഞാൻ ഗവമ്മെൻറിനെ ഉൽബോധിപ്പിച്ചുകൊള്ളുന്നു.

ഇതിനിടയ്ക്കു് എനിയ്ക്കു് ഒരു സംഗതി കൂടി പറയുവാനുണ്ടു്. കഴിഞ്ഞ നിയമസഭായോഗത്തിൽ ഈ നിയമസഭയെ ഒട്ടാകെ ക്ഷോഭിപ്പിച്ചതും, പൊതുജനങ്ങളുടെ മനസ്സിൽ അതിയായ അതൃപ്തിയെ ഉണ്ടാക്കിയതുമായ പൂതനയാകുന്ന ആ പത്രസ്വാതന്ത്ര്യത്തെ തടഞ്ഞുകൊണ്ടുണ്ടാക്കീട്ടുള്ള നിയമത്തെപ്പറ്റിയാണു് എനിയ്ക്കു പറയുവാനുള്ളതു്. ഇങ്ങിനെയുള്ള ഒരു നിയമംമൂലം ദിവാൻജിയവർകൾക്കു് ഒരു ദുഷ്പേരുണ്ടാകാതിരിയ്ക്കുവാൻവേണ്ടി അദ്ദേഹം ആ നിയമത്തെ ഉടൻ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ റദ്ദു ചെയ്ത് പൊതുജനങ്ങൾക്ക പത്രസ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കണമെന്നു ഞാൻ അദ്ദേഹത്തോടപേക്ഷിച്ചുകൊള്ളുന്നു.

കൊച്ചി ഒരു കർഷക രാജ്യമാകയാലും കാഷ്ിക്കോല്പന്നങ്ങളുടെ വിലക്കുറവിനാലും വിളവു കുറവിനാലും പണത്തിന്റെ പലിശയ്ക്കു യാതൊരു കുറവും വരുത്തീട്ടില്ലാത്തതിനാലും ഇടത്തരക്കാരായ കൃഷിക്കാർ നിശ്ശേഷം നശിച്ചുപോയിരിയ്ക്കുന്നു. അവരെ നിലനിറുത്തേണ്ടതിന് ഗവമ്മെണ്ടു കാര്യമായി ഒന്നുംതന്നെ ചെയ്തിട്ടുള്ളതായി കാണുന്നില്ല. പുതിയതായി പ്രസിദ്ധീകരിച്ച സിവിൽ പ്രൊസീഡിയർ കോഡിൽ നിസ്സാരങ്ങളായ ചില ആനുകൂല്യങ്ങൾ ചെയ്തിട്ടുണ്ടെങ്കിലും അതു് ഗണനീയമായ ഒന്നായി എണ്ണുവാൻ ഞാൻ ന്യായം കാണുന്നില്ല. നാട്ടിന്റെ നട്ടെല്ലായ കൃഷിക്കാരെ രക്ഷിയ്ക്കുവാൻ നവീനവും പ്രായോഗികവുമായ ഒരു പദ്ധതി ഏർപ്പെടുത്തേണ്ടതു് അത്യാവശ്യമാണെന്നു് ഒരിയ്ക്കൽ ഗവമ്മെണ്ടിനു തോന്നുകയും അതിന്നായി ഏർപ്പെടുത്തിയിരുന്ന Antony Committee—യുടെ റിപ്പോർട്ടിന്റെ സ്ഥിതി ജയിലിൽനിന്നും ഒരിയ്ക്കൽ ചാടിപ്പോയി എന്നു കേട്ടിരുന്ന കുഞ്ഞമ്പാലിയുടെ സ്ഥിതി പോലെതന്നെ അജ്ഞാതമായി തീരുകയുമാണു ചെയ്തിരിക്കുന്നതു്. പലിശനിയന്ത്രണത്തെപ്പറ്റി കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റു സമ്മേളനത്തിൽ പാസാക്കിയ ഉപക്ഷേപവും അകാലമരണം പ്രാപിയ്ക്കയാണെല്ലോ ഉണ്ടായതു്. ഋണബാധിതരായ കർഷകരുടെ രക്ഷയ്ക്കായി നിശ്ചയിച്ചിരുന്ന ഇരുപതു ലക്ഷം ഉറുപ്പിക കടംകൊടുത്തു തുടങ്ങിയപ്പോൾ അഞ്ചുലക്ഷമാക്കി കുറയ്ക്കുകയും ബാക്കിയുള്ളവരുടെ രക്ഷയ്ക്ക് ഒരു ഭൂപണയ ബാങ്ക് ഏർപ്പെടുത്തുകയും ചെയ്തു. ആ ഭൂപണയ ബാങ്കിന്റെ ആവിർഭാവംവരെ കൃഷിക്കാരുടെ താല്ക്കാലിക രക്ഷയ്ക്കായി വിധിക്കടങ്ങളെല്ലാം ആറുമാസക്കാലത്തേയ്ക്കു നടപടി ക്രമമാതെ നിറുത്തിവയ്ക്കുവാൻ ഒരു വിളംബരവും പ്രസിദ്ധപ്പെടുത്തുകയുണ്ടായി. എന്നിട്ടും ഇതുകൊണ്ടു് എന്തു പ്രയോജനമാണുണ്ടായതെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല. ഭൂപണയ ബാങ്കിൽ കടംവാങ്ങുന്നതിനു് ഇതുവരെ എത്ര അപേക്ഷകൾ ഉണ്ടായിട്ടുണ്ടു്? അവരുടെ വസ്തുക്കളെല്ലാം പരിശോധിച്ചു തൃപ്തിപ്പെട്ടുവോ; തൃപ്തിപ്പെട്ടുവെങ്കിൽ എത്ര ആൾക്കു പണം കൊടുത്തു? എന്നെല്ലാം ആലോചിയ്ക്കുമ്പോൾ മാത്രമേ ഭൂപണയ ബാങ്ക് യാതൊരു ആൾക്കും ഇതുവരെയും പ്രയോജനപ്പെട്ടിട്ടില്ലെന്നും അതു വെറുമൊരു അജഗളസ്തനം മാത്രമാണെന്നും ഗവമ്മെണ്ടും ജനങ്ങളും അറിയുകയുള്ളു. അതിനെ വിശ്വസിയ്ക്കയാൽ എത്ര ആളുകളുടെ കൂടിയിരുപ്പുകളാണു നിസ്സാരമായ സംഖ്യയ്ക്കുപോലും ലേലത്തിൽ വിറ്റുപോയിട്ടുള്ളതു്! ഒ൦ക.യുടെ ഭൂമി ഒക.യ്ക്കു കരസ്തമാക്കാൻ ലാക്കു നോക്കുന്ന ലക്ഷപ്രഭുക്കളെ ബാങ്കിന്റെ ഭരണകർത്താക്കളായി നിയമിച്ചതു് ഗവമ്മെണ്ടു സദുദ്ദേശത്തോടുകൂടി ചെയ്തതാണെങ്കിലും അതു തീരെ അസ്ഥാനത്തിലും അബദ്ധത്തിലും ആയിത്തീർന്നുവെന്നു സംശിരഃ

LIBRARY ARCHIVES Kerala Legislative Assembly

കമ്പം സമ്മതിയ്ക്കാതെ തരമില്ല. കോഴികളെ രക്ഷിയ്ക്കാൻ കുറുക്കന്റെ കയ്യിൽ ഏല്പിച്ചതുപോലെയാണ് ഋണബാധിതരായ സാധുകർഷകന്മാരെ രക്ഷിപ്പാൻ സഹകാരി പണവ്യാപാരികളും കുബേരന്മാരുമായ ഇപ്പോഴത്തെ ഭരണ കമ്മിറ്റിയെ ഏല്പിച്ചിട്ടുള്ളതെന്നു ഞാൻ സധൈര്യം പറയാം. ബാങ്കിന്റെ കമ്മിറ്റി യോഗങ്ങൾക്കു ബത്തയായി ഇതുവരെ ചിലവാക്കിയിടത്തോളമോ, അല്ലാത്തപക്ഷം കടംവാങ്ങി അപേക്ഷകരിൽനിന്നും കമ്മീഷനായി അടഞ്ഞ സംഖ്യയോളമോ ഉള്ള സംഖ്യയെങ്കിലും ഇതുവരെയും കൊടുക്കാൻ സാധിയ്ക്കാത്ത അജഗളസ്തനപ്രായമായ ഈ ബാങ്ക് ഉടനെ കെഴമന ചാലിൽ താഴ്ത്തുകയോ അല്ലാത്തപക്ഷം ഇപ്പോഴത്തെ ഭരണകർത്താക്കളെ മാറ്റി അതിന്റെ ഭരണം പൊതുജനക്ഷേമത്തെ കാംക്ഷിയ്ക്കുന്ന ഗവമ്മെണ്ടു നേരിട്ടേറ്റു നടത്തുകയോ ചെയ്യേണ്ടതു് അത്യന്താപേക്ഷിതമാണ്.

ജനങ്ങൾക്കു ക്ഷാമം നീങ്ങി ക്ഷേമംവന്നു എന്നു തെറ്റിദ്ധാരണയാലാണോ മുന്നു കൊല്ലമായി അനുവദിച്ചുവന്നിരുന്ന നികുതിയിളവു് ഇക്കൊല്ലം വേണ്ടെന്നുവെച്ചതു്? നികുതിയിളവുമൂലം ദേവസ്വങ്ങൾക്കും സഹകാരി ജന്മികൾക്കും മാത്രമാണു ഗുണമുണ്ടാകുന്നതെന്നും നേരെമറിച്ചു വസ്തു കൈവശംവെച്ചു പ്രയത്നിച്ചുവരുന്ന സാധു കർഷകന്മാക്കു് ഉപയോഗപ്പെടുന്നില്ലെന്നും കണ്ടിട്ടാണോ നികുതിയിളവു വരുന്ന കൊല്ലത്തിൽ വേണ്ടെന്നുവച്ചതു്, അതോ ഗവമ്മെണ്ടിനു നേരിട്ട അവിചാരിതമായ അടിയന്തിരച്ചിലവുകളിലേയ്ക്കു പണക്കുറവു നേരിട്ടതുകൊണ്ടോ എന്നറിയുന്നില്ല. ഏതായാലും സാധു കർഷകന്മാരോടു കാണിച്ച അനുകമ്പാരഹിതമായ ഈ പ്രവൃത്തി തീരെ അനാശാസ്യകരമാണു്. അതുകൊണ്ടു കർഷകന്മാരെ സഹായിയ്ക്കണമെന്നു ഗവമ്മെണ്ടു് ആത്മാർത്ഥമായി വിചാരിയ്ക്കുന്നുണ്ടെങ്കിൽ സാമ്പത്തികാധഃപതനം തുടങ്ങിയ ഫ്രാങ്കു മുതല്ക്കു് പണപ്പെരുപ്പിശു അയൽ രാജ്യങ്ങളെ അനുകരിച്ചെങ്കിലും ആറു ശതമാനമായി നിയന്ത്രിയ്ക്കുകയും ഭ്രസപ്രധാന പണയബാങ്കിന്റെ വ്യവസ്ഥകൾ സ്പെഷ്യൽ ലോൺവകുപ്പിൽ ഏർപ്പെടുത്തിയിരുന്ന വ്യവസ്ഥകൾക്കനുരൂപമാക്കിത്തീർക്കയും അതിന്റെ ഭരണം ഗവമ്മെണ്ടു് ഏറ്റുവാങ്ങി നടത്തുകയും വസ്തു കൈവശക്കാരും നടപ്പുകാരുമായ സാധു കർഷകർക്കു ലഭ്യമാകത്തക്ക വ്യവസ്ഥകളോടുകൂടി നികുതി ഒരു ശതമാനം കുറയ്ക്കുകയും, ഉത്തമർണ്ണന്മാരിൽനിന്നും കടംവാങ്ങി പണയാധാരം എഴുതിക്കൊടുത്തിട്ടുള്ള അധമർണ്ണന്മാരുടെ കടത്തിന്നു പണയ വകകൾ മാത്രം ബാദ്ധ്യതപ്പെടുന്നതല്ലാതെ അധമർണ്ണന്മാർക്കുള്ള മറ്റു വകകളിന്മേൽ പ്രവേശിയ്ക്കുവാനോ മറ്റൊരു പാടില്ലെന്നു് ഒരു ലജിസ്ലേഷൻമൂലം നിരോധിയ്ക്കുകയും ചെയ്യുന്നതായാൽ, അതു് ഏറ്റവും പ്രശംസനീയമായ ഒരു പുണ്യമായിരിയ്ക്കും. അതുകളിലേയ്ക്കു ഗവമ്മെണ്ടിന്റെ ഗാഢമായ ശ്രദ്ധയെ ഞാൻ പ്രത്യേകം ക്ഷണിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇനി മെഡിയ്ക്കൽ വകുപ്പിനെപ്പറ്റിയും കുറച്ചൊന്നു പറയാതെ തരമില്ല. ഈ വകുപ്പു ഭരണം പരിഷ്കരിയ്ക്കുവാൻ ഗവൺമെണ്ടു ചെയ്തു വരുന്ന ശ്രമങ്ങൾ പ്രശംസനീയങ്ങളാണ്. എന്നാൽ ഇപ്പോൾ നിലവിലുള്ള ആസ്പത്രികൾക്കു കൂടുതൽ ഡാടിയും മോടിയും പുറംപകിട്ടും ഉണ്ടാക്കുവാൻ പണം ചിലവിടുന്നതിനുമുമ്പായി ജനഹിതംകൂടി അറിവാൻ ഗവൺമെണ്ടു ശ്രമിയ്ക്കുന്നതു് നന്നായിരിയ്ക്കും. തൃശ്ശിവപേരൂർ പട്ടണത്തിന്റെ നാനാപ്രദേശങ്ങളിൽനിന്നും വരുന്ന ജനങ്ങളുടെ സൌകര്യങ്ങളേയോ അനാവശ്യച്ചിലവിനേയോ യാതൊന്നും ആലോചിയ്ക്കാതെയാണിരിയ്ക്കുന്നതു്.

ഇനി എനിയ്ക്കു പറയുവാനുള്ളതു് വിദ്യാഭ്യാസവകുപ്പിനെപ്പറ്റിയാണു്. പ്രാഥമിക വിദ്യാഭ്യാസമെങ്കിലും ലഭിയ്ക്കാത്ത പൌരന്മാർ ആരും കൊച്ചിയിലുണ്ടായിരിയ്ക്കരുതെന്ന പ്രതീക്ഷയോടുകൂടിയാണല്ലോ അതു നിർബന്ധിതമാക്കുവാൻതന്നെ അനുഭോഗസ്ഥപക്ഷത്തുനിന്നും ഒരു ബിൽ ഈ സഭമുമ്പാകെ അവതരിപ്പിച്ചിരിയ്ക്കുന്നതു്. സിലക്ട് കമ്മിറ്റി ആ ബില്ലിനെപ്പറ്റി ഓരോ കുഗ്രാമങ്ങളിലും പോയി അന്വേഷണങ്ങൾ നടത്തിവരുന്ന ഈ സന്ദർഭത്തിൽ വിദ്യാഭ്യാസവകുപ്പിലേയ്ക്കു പതിവുനുസരിച്ചു് അനുവദിച്ചിരുന്ന സംഖ്യയിൽനിന്നും ൪,൫൦൦ക. കുറവുചെയ്തതായി കണ്ടു് വ്യസനിയ്ക്കുന്നു. ഇപ്പോൾതന്നെ സ്വന്ത ഹിതപ്രകാരം അതായതു് യാതൊരു നിർബന്ധവും കൂടാതെ സ്കൂളിൽ ചേരുവാൻ ചെല്ലുന്ന കുട്ടികളെ സ്ഥലസൌകര്യമില്ലാത്തതിനാലും പുതിയ ക്ലാസുകൾ തുറക്കാൻ പണമില്ലെന്ന കാരണത്താൽ അനുവദിയ്ക്കായ്കയാലും സ്കൂളിൽ ചേർക്കാൻ സൌകര്യപ്പെടുന്നില്ല. പ്രാഥമിക വിദ്യാലയങ്ങളിൽ സ്പെഷ്യലിസ്റ്റ് മാരേയും നിയമിയ്ക്കുവാൻ അനുവദിയ്ക്കുന്നില്ല. ഇതിനൊന്നിനും പണമില്ലെന്നാണു ഗവൺമെണ്ടു പറയുന്നതു്. അതേസമയത്തുതന്നെ കാളേജു വിദ്യാഭ്യാസത്തിനു് കണ്ണുംപൂട്ടി പണം വാരിക്കോരി ചിലവിടുകയും ചെയ്യുന്നു. അനാശാസ്യകരമായ ഈ സമ്പ്രദായത്തെ പാടെ നിറുത്തി ഇംഗ്ലീഷോടുകൂടിയ പ്രാഥമിക വിദ്യാഭ്യാസം സകലർക്കും സുലഭമായി ലഭിയ്ക്കുന്നതുക ഒരു വ്യവസ്ഥ ഉടനെ ഏർപ്പെടുത്തിക്കാണ്മാൻ ഞാൻ ആഗ്രഹിയ്ക്കുന്നു. ഇപ്പോൾ സെക്കണ്ടറി വിദ്യാഭ്യാസത്തിനു കൊല്ലംതോറും ചിലവു വർദ്ധിച്ചുവരുകയാണു് ചെയ്യുന്നതു്. ഒരു കുടുംബത്തിന്റെ ചിലവിൽ അധികഭാഗവും വിദ്യാഭ്യാസത്തിനുവേണ്ടി വരുന്നു. അതുകൊണ്ടു് സെക്കണ്ടറി വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ സ്കൂൾഫീസെങ്കിലും കുറവുചെയ്തു കൊടുക്കേണ്ടതാണെന്നും ഗവൺമെണ്ടിനോടപേക്ഷിച്ചുകൊള്ളുന്നു. ഇതേസമയത്തുതന്നെ മറ്റൊരു സംഗതികൂടി എനിയ്ക്കു പറയുവാനുണ്ടു്. അവശസമുദായങ്ങളുടെ ഫീസിളവുകാര്യത്തിൽ അവർ അനുഭവിച്ചിരുന്ന ബുദ്ധിമുട്ടുകളെ പരിഹരിയ്ക്കുമാറു് നിർദ്ധന സർട്ടിഫിക്കറു കൊടുപ്പാനുള്ള അധികാരം പഞ്ചായത്തു പ്രസിഡണ്ടുമാർക്കുംകൂടി നൽകിയ ഗവൺമെണ്ടി

LIBRARY ARCHIVES Kerala Legislative Assembly

നോട്ട് അവശ സമുദായങ്ങൾക്കുള്ള കൃതജ്ഞതയെ രേഖപ്പെടുത്തി കൊള്ളുന്നു.

കൃഷിനാശം സംഭവിച്ച നിലങ്ങളിൽ വീണ്ടും വിളവിറക്കുന്നതിനു ഇളവു നിങ്കുതി ചുമത്തി ഈ സാമ്പത്തിക കഴ്പ്പകാലത്തു് സാധുകഷ്കന്മാരെ വിഷമിപ്പിച്ചുവരുകയാണു റവന്യു ഡിപ്പാർട്ടുമെണ്ടുകാർ ചെയ്തുവരുന്നതു്. നിങ്കുതിയിളവു തീരെ നിറുത്തുകയും ചെയ്തിരിയ്ക്കുന്നു. കഷ്കരാജ്യമായ ഈ കൊച്ചിയുടെ അഭിവൃദ്ധി കഷ്കരുടെ കയ്യിലാണെന്നുള്ള പരമാർത്ഥം ഗവമ്മെണ്ടു് ഒരിയ്ക്കലും വിസ്മരിയ്ക്കരുതു്. എങ്കിലും ഈ കൊല്ലത്തെ വെള്ളപ്പൊക്കക്കാലത്തു് റവന്യു വകുപ്പുദ്യോഗസ്ഥനും മരാമത്തു വകുപ്പുദ്യോഗസ്ഥനും ചെയ്ത ഭഗീരഥപ്രയത്നങ്ങളേയും മറവും ജനങ്ങൾ എപ്പോഴും സ്മരിയ്ക്കാതിരിയ്ക്കയില്ല.

പൊതുമരാമത്തു വകുപ്പിൽ കുറെ അനാവശ്യച്ചിലവുകൾ വരുന്നുണ്ടെന്നു സമ്മതിയ്ക്കാതെ തരമില്ല. ഗതാഗത സൌകര്യമില്ലാതെ വളരെക്കാലമായി കഷ്ടപ്പെടുന്നവരുടെ സങ്കടങ്ങളെ തീരെ അവഗണിയ്ക്കയും ചെയ്യുന്നു. ഉദാഹരണമായി കാരാഞ്ചിറ പാലംതന്നെ എടുക്കാം. ഭൂരിപക്ഷം ജനങ്ങളുടേയും അപേക്ഷയെ തീരെ വിസ്മരിച്ചും ഗവമ്മെണ്ടിനു് അനാവശ്യമായി നേരിടുന്ന അധികച്ചിലവിനെ അവഗണിച്ചും കാരാഞ്ചിറനിന്നും കിഴപ്പിള്ളിക്കരയ്ക്കു് പാലംകൊട്ടുവാൻതന്നെ തീരുമാനിച്ചിരിയ്ക്കുന്നു. ആ പാലം കാട്ടൂർ കടവിലേയ്ക്കു നീക്കി പണിയിയ്ക്കുന്നതായാൽ തന്മൂലം വലിയൊരു ഭൂരിപക്ഷം ജനങ്ങൾക്കും അതു് ഉപകാരപ്രദമാകുമെന്നും, ചിലവു പകുതികണ്ടു കുറയുമെന്നും, അതുകൊണ്ടു ദിവാൻജിയവർകൾ സ്ഥലത്തുവന്നുകണ്ടശേഷമല്ലാതെ കാരാഞ്ചിറയും, കിഴപ്പിള്ളിക്കരയും തമ്മിൽ പാലം പണിയിയ്ക്കരുതെന്നും ഞാൻ ഈ സഭയിൽ ചെയ്ത അഭ്യർത്ഥനയെ തുണവൽകരിച്ചു കിഴപ്പിള്ളിക്കരയും, കാരാഞ്ചിറയുമായി ബന്ധിപ്പിയ്ക്കുവാൻ തീർച്ചപ്പെടുത്തുകയും കരാർകൊടുക്കുകയും ചെയ്തിരിയ്ക്കുന്നു. ദിവാൻജിയവർകൾ ഉൾനാടുകളിൽ പോയി ജനങ്ങളുടെ സ്ഥിതിഗതികൾ മനസ്സിലാക്കാൻ ഔൽസുക്യമുള്ള ഒരാളാകയാൽ ഇനിയും ഈ രണ്ടു സ്ഥലങ്ങളും ദിവാൻജിയവർകൾ സ്ഥലത്തുവന്നു പരിശോധിച്ചല്ലാതെ ആ പാലംപണിയ്ക്കു് ഒരു പൈപോലും ചിലവിടരുതെന്നു ഞാൻ വളരെ ശക്തിയായി ഗവമ്മെണ്ടിനെ ഉൽബോധിപ്പിയ്ക്കുന്നു.

ഇനി മറെറാരു സംഗതി പറയാം. തലപ്പിള്ളി താലൂക്കു മുണ്ടൂർ വില്ലേജിൽ ചെരുപ്പറമ്പു് എന്നൊരു ടീപുണ്ടു്. വഴിക്കാലത്തു വഞ്ചിയല്ലാതെ അവിടെ യാതൊരു ശരണവുമില്ല. കുറെക്കാലമായി പഞ്ചായത്തിലും മരാമത്തുവകുപ്പിലും അവർ സങ്കടം പറഞ്ഞുതുടങ്ങീട്ടു്. തൃശ്ശൂർ താലൂക്കു് വാറളം വില്ലേജിൽ ചേന്ന ചേനം എന്ന ടീപിൽനിന്നും പുറത്തുകടക്കാൻ ഒരു വഴിയുണ്ടാക്കിക്കൊടുക്കണമെന്നു അ

LIBRARY ARCHIVES Kerala Legislative Assembly

പ്രദേശക്കാരുടെ മുറവിളിയാകട്ടെ, പുള്ളുടീപിലെ നിവാസികളുടെ അപേക്ഷയാകട്ടെ വനരോദനമായിത്തന്നെ പരിണമിയ്ക്കുയാണുണ്ടായതു്. എന്നാൽ ചേനം നിവാസികൾ ചേർപ്പിൽവച്ചു് ദിവാൻജിയവർകൾക്കു നേരിട്ടു് ഒരു ഹർജി കൊടുത്തതിന്റെ ഫലമായിട്ടായിരിയ്ക്കാമെന്നു തോന്നുന്നു, അതിനുശേഷം ചിലർവന്നു് സ്ഥലം നോക്കിപ്പോയതായി കേൾക്കയുണ്ടായി. എന്നാൽ പിന്നീടു് ഒന്നും കേൾക്കയുണ്ടായില്ല. അക്കരപ്പുറം റോഡുകാര്യവും സ്ഥലപരിശോധനയോടുകൂടി അവസാനിപ്പിച്ചുവോ എന്നു സംശയിക്കേണ്ടിയിരിയ്ക്കുന്നു. എന്തായാലും ഈ രീതി ഒന്നു മാറുന്നതു വലിയ പ്രയോജനകരമായിരിയ്ക്കും.

ഈഴവ സമുദായത്തെ പ്രത്യേകം ബാധിക്കുന്ന എക്സൈസു വകുപ്പിനെപ്പററിയും ഒരു വാക്കു പറഞ്ഞുകൊള്ളട്ടെ. പ്രധാനമായി ഷാപ്പുകൾ ലേലംവിളിക്കുന്ന രീതിയെക്കുറിച്ചാണു പറയുവാനുള്ളതു്. എല്ലാ കൊല്ലങ്ങളിലും ഷാപ്പുകളെല്ലാം വലിയ സംഖ്യയ്ക്കു ലേലംവിളിച്ചു വിൽക്കുകയാണു ചെയ്യുന്നതു്. കൊല്ലം അവസാനമാകുമ്പോൾ അവർക്കു വേണ്ടപോലെ കമ്മീഷൻ തന്നുകൊള്ളാമെന്നു പറഞ്ഞു വിശ്വസിപ്പിച്ചാണു കൂടുതൽ സംഖ്യയ്ക്കു് അവരെക്കൊണ്ടു ലേലത്തിൽ വിളിപ്പിയ്ക്കുന്നതു്. ഇങ്ങിനെ വളരെക്കാലമായി ലേലം നടന്നുവരുന്നുണ്ടു്. ഈ ഡിപ്പാർട്ടുമെണ്ടിലെ അദ്ധ്യക്ഷന്നു് ഇതിലെ മുഴുവൻ കൃത്രിമങ്ങളും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടില്ല. എങ്കിലും കീഴുദ്യോഗസ്ഥന്മാരിൽനിന്നും അന്വേഷത്തിനു ലഭിയ്ക്കുന്ന അറിവുകൊണ്ടു് ഇപ്പോൾ കുറച്ചു് അഴിമതികൾക്കെല്ലാം ഒരു കുറവു വന്നിട്ടുണ്ടു്. അതുകൊണ്ടു ഷാപ്പു ലേലംചെയ്യുന്ന അവസരത്തിൽ ഇവരോടു കുറച്ചു് ആനുകൂല്യത്തോടുകൂടി പെരുമാറിയില്ലെങ്കിൽ തീർച്ചയായും ഇക്കൊല്ലത്തിൽ ഗവർമ്മെണ്ടിനു കിട്ടിക്കൊണ്ടിരിയ്ക്കുന്ന സംഖ്യയിൽ പകുതിപോലും വരുമാനമായിരിയ്ക്കുകയില്ലെന്നു ഞാൻ ഗവർമ്മെണ്ടിനെ ധൈര്യമായി അറിയിച്ചുകൊള്ളുന്നു. അതുകൊണ്ടു് ഇക്കൊല്ലം ഷാപ്പുലേലക്കാർക്കു ഗണ്യമായ ഒരു തുക വിട്ടുകൊടുക്കാത്തപക്ഷം ഷാപ്പുലേലക്കാരുടെ കാര്യം വലിയ കഷ്ടത്തിലാകുന്നതാണെന്നുമാത്രമേ ചൂണ്ടിക്കാണിയ്ക്കുന്നുള്ളൂ. തൊഴിൽ നികുതി ചുമത്തി കൂടിൽ വ്യവസായത്തെ ഉന്മൂലനം ചെയ്യുകയും, അനാരോഗ്യം വർദ്ധിപ്പിയ്ക്കുകയും ചെയ്യുവാൻ ശ്രമിയ്ക്കുന്ന ആരോഗ്യവകുപ്പും, സ്വയംഭരണപരിശീലനം നൽകുന്നതിനു ഒരു രാജർഷിയാൽ അനുഗ്രഹീതമായ പഞ്ചായത്തുവകുപ്പിന്റെ ഉദ്ദേശശുദ്ധിയെല്ലാം നശിച്ചുപോയിട്ടുണ്ടെങ്കിലും ഈ രണ്ടു വകുപ്പുകളും ഒരു വകുപ്പദ്ധ്യക്ഷന്റെ കീഴിലാക്കുകയും രജിസ്ട്രേഷൻ ഡിപ്പാർട്ടുമെണ്ടും കൂടി സംഘടിപ്പിച്ചു മറെറാരു വകുപ്പദ്ധ്യക്ഷന്റെ കീഴിലാക്കുകയുംചെയ്ത ചിലവു ചുരുക്കുന്നതു വളരെ നന്നായിരിയ്ക്കുമെന്നാണു് എനിയ്ക്കു തോന്നുന്നതു്. പഞ്ചായത്തു ഡിപ്പാർട്ടുമെണ്ടിന്റെ ഭരണത്തിൽ വകുപ്പദ്ധ്യക്ഷനും ആഫീസുമാനേജരും

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥന്മാരും തമ്മിൽ നിസ്സാരമായ വല്ല സ്കൂലിതങ്ങളുമുണ്ടെങ്കിൽ അതിനെവച്ചുകൊണ്ട് എതിക്കാതിരിയ്ക്കണമെന്നും, നേരെമറിച്ച് ഉപദേശം കൊടുക്കേണ്ടവക്ക് ഉപദേശം കൊടുത്തും, അവരെ നന്നാക്കുവാൻ ശ്രമിയ്ക്കയല്ലാതെ മറെറാന്നിനും പുറപ്പെടരുതെന്നും എനിയ്ക്കാപേക്ഷയുണ്ട്.

പരസ്പരസഹായ സംഘങ്ങളെല്ലാം സമാപ്തീകരിയ്ക്കേണ്ട ഘട്ടത്തിലാണ് എത്തിച്ചേർന്നിട്ടുള്ളത്. ജനങ്ങളെ ക്രട്ടതൽ കഷ്ടത്തിലാക്കീട്ടുള്ളതും ഈ പരസ്പരസഹായ സംഘങ്ങളാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.

കൃഷി ഡിപ്പാർട്ടുമെൻറ് ആദായത്തിനുള്ള ഒരു വകുപ്പല്ലെന്നു ഗവമ്മെൻറു സമ്മതിച്ചിട്ടുള്ളതാണ്. അതിലുണ്ടാകുന്ന ആദായം അതിലെ ഉദ്യോഗസ്ഥന്മാരുടെ ആവശ്യങ്ങളെല്ലാം കഴിച്ചു ബാക്കി വല്ലതും മിച്ചമുണ്ടായാൽ അതും ഒരു അനുഗ്രഹമാണെല്ലോ.

ആയുർവ്വേദ വൈദ്യശാലകളെ വർദ്ധിപ്പിയ്ക്കുകയും, ആ വകുപ്പിനെ പരിപോഷിപ്പിയ്ക്കുവാൻ അലോപ്പതി വകുപ്പിലേയ്ക്കു പ്രതിവഷ്ം നീക്കിവയ്ക്കുന്ന സംഖ്യയുടെ ഒരു ശതാംശമെങ്കിലും നീക്കിവയ്ക്കുകയും ചെയ്യേണ്ടതാണെന്ന് ഗവമ്മെൻറിനെ പ്രത്യേകം ധരിപ്പിക്കുന്നു.

ഇനി എനിക്കു പ്രത്യേകമായി പറയുവാനുള്ളതു പോലീസ് വകുപ്പിനെപ്പററിയാണ്. ഈ വകുപ്പിലെ സൈന്യങ്ങളുടെ എണ്ണക്കുറവുമൂലം പല ബുദ്ധിമുട്ടുകളും പൊതുജനങ്ങൾക്കു നേരിടുന്നുണ്ട്. അതിലെ സൈന്യവർദ്ധനയ്ക്കായി ൧൦,൦൦൦ക. ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതു് ഉചിതമായിട്ടുണ്ട്. വകുപ്പുദ്യോഗസ്ഥന്മാർക്കു ശമ്പളം നിശ്ചയിക്കുന്നതു് ആളെ നോക്കി തീർച്ചപ്പെടുത്തുന്നതു് ഒരിയ്ക്കലും സ്വീകാര്യമല്ല. പോലീസുവകുപ്പിൽ ഒരു കമ്മീഷണരുടെ കീഴിൽ രണ്ടു D. S. P. മാരുണ്ട്. അവരുടെ കീഴിൽ ഒരു A. S. P. യും ഉണ്ട്. രണ്ടു A. S. P. മാരെ നിയമിയ്ക്കുന്നതിനു പകരം ഒരു A. S. P. യെ മാത്രമേ വച്ചിട്ടുള്ളൂ. ആ ഉദ്യോഗത്തിനു മുമ്പു് ഈ ഉദ്യോഗത്തിനു് ൧൦൦ ഉറുപ്പിക ശമ്പളവും, ൫൫ ഉറുപ്പിക ബത്തയുമാണു കൊടുത്തിരുന്നതു്. എന്നാൽ ഇപ്പോൾ ൧൨൫ ഉറുപ്പിക ശമ്പളമാക്കിയിരിയ്ക്കുന്നു. ഇനി അദ്ദേഹം പെൻഷൻപറ്റുന്നകാലത്തു് കിട്ടേണ്ട നൂറ്റൽ ഉറുപ്പിക മുഴുവൻ കിട്ടുമോ, അതോ അതിലും കുറയാനിടവരുമോ എന്ന നിശ്ചയമില്ല. ഒരു A. S. P. യെ നിയമച്ചതിൽനിന്നു് ഉദ്യോഗത്തിനായിട്ടു് ആളെ വച്ചതല്ലെന്നും, ആളെ വയ്ക്കുവാൻ വേണ്ടി ഇങ്ങിനെ ഒരു ഉദ്യോഗം മാത്രമായി സൃഷ്ടിച്ചതാണെന്നും സംശയിയ്ക്കേണ്ടിയിരിയ്ക്കുന്നു.

പട്ടിണിപ്പാട്ടാളക്കാരായ പോലീസുകാരുടേയും ഹെഡ്കാൺസ്റ്റബിൾമാരുടേയും ശമ്പളക്കുടുതലിനെപ്പററി ഒരു ആലോചനയുണ്ടായ

LIBRARY ARCHIVES Kerala Legislative Assembly

തായും ആ ആലോചന ജലത്തിലെ പോളപോലെ ക്ഷണഭംഗുരമായി പരിണമിച്ചതായും അറിയുന്നു. നൂറ്റിഒന്നാമത്തെ കൂട്ടരായി വേണ്ടിവരുമെന്നു കേട്ടതുകൊണ്ട് ഗവൺമെന്റു ഭയപ്പെട്ടുപോയതു്, പട്ടിണിപ്പരിഷകളായ ഈ സാധുക്കൾക്ക് ഇപ്പോൾ കിട്ടിവരുന്ന ശമ്പളം കവർന്നുകൂട്ടുകയാണു്. അവക്ക് എന്തെങ്കിലും ഒരു രക്ഷ ചെയ്തുകൊടുക്കണമെന്നു ഞങ്ങൾ ഇതിനുമുമ്പു് ഇവിടെ പ്രതിപാദിയ്ക്കുകയുണ്ടായി. എന്നിട്ടും ഗവൺമെന്റു് അതിനെ അനുകരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. അതിനെപ്പറ്റി ഒരു അന്വേഷണംതന്നെ നടത്തുകയുണ്ടായിട്ടില്ല. നൂറ്റിഒന്നു് ഉറുപ്പിക ഒരു കൊല്ലത്തിൽ ചിലവുണ്ടാകുമെന്നു്. ഉദ്ദേശക്കണക്കുകൊണ്ടു ഗവൺമെന്റിനു മനസ്സിലായപ്പോൾ ഗവൺമെന്റു വളരെ ഭയപ്പെട്ടു പിന്നോക്കം മാറുന്നു. ഇങ്ങിനെയുള്ള പട്ടിണിപ്പരിഷകളുടെ വയറു് ഒരുനേരമെങ്കിലും നിറച്ചുകാണുവാൻ നിങ്ങളെല്ലാവരും പ്രാർത്ഥിക്കുക. പോലീസുവകുപ്പിൽ സൈന്യത്തിന്റെ എണ്ണം കുറഞ്ഞതുമൂലം പല ബുദ്ധിമുട്ടുകളും നാട്ടുകാർക്കു നേരിട്ടുണ്ടു്. സ്വന്തം അനുഭവം പറയുകയാണെങ്കിൽ എന്റെ നാട്ടിൽ ഒരാൾ മരിച്ചപ്പോൾ പിറേറദിവസം മാത്രമേ ശവം അവിടെനിന്നും എടുക്കുവാൻ സാധിച്ചുള്ളൂ. ഇപ്പോൾ പെരിങ്ങോട്ടുകുറയിൽ ഒരു സ്റ്റേഷൻ ഉണ്ടു്. എന്നാൽ അവിടെയുള്ള കേസ്സുകൾ കണ്ടുപിടിയ്ക്കുവാനും മറ്റും അതുകൊണ്ടു മതിയാകാതെയാണിരിയ്ക്കുന്നതു്. ആ സ്ഥലത്തു് അനവധി കേടികളും പോക്കിരികളും ഉണ്ടു്. അവരുടെ ഉപദ്രവങ്ങൾ തീരെ ഇല്ലാതാക്കുവാൻ വേണ്ടി അവിടെ ഒരു ചാർജ്ജാസ്റ്റേഷൻതന്നെ ആക്കിത്തീർക്കേണ്ട കാലം അതിക്രമിച്ചിരിയ്ക്കുന്നു. ഇപ്പോൾ പതിനായിരം ഉറുപ്പിക നീക്കിവെച്ചിട്ടുള്ളതു പോലീസുസൈന്യത്തെ വർദ്ധിപ്പിയ്ക്കുവാനുള്ള ഉദ്ദേശത്തോടുകൂടിയാണെങ്കിൽ അതു തീർച്ചയായും അത്യന്താപേക്ഷിതമാണു്. സി. ഐ. ഡി. യ്ക്കു വേണ്ടിയാണെങ്കിൽ കൊച്ചീരാജ്യത്തിൽ രാജദ്രോഹികളാരുമില്ല. ഇനി വകുപ്പദ്ധ്യക്ഷന്മാരുടെ കാര്യം പറയുകയാണെങ്കിൽ നൂറോ ഉറുപ്പിക ശമ്പളം വാങ്ങിയിരുന്ന ഒരു കമ്മീഷണർക്കു യാതൊരു കാരണവും കൂടാതെ നൂറു ഉറുപ്പിക കൂട്ടിക്കൊടുത്ത ഗവൺമെന്റു് ഇപ്പോഴത്തെ കമ്മീഷണർക്കു് അഞ്ഞൂറോ അറുന്നൂറോ ഉറുപ്പിക കൊടുത്താൽ മതിയെന്നുവച്ചു. ഓരോരുത്തരുടെ ആവശ്യത്തിനുവേണ്ടിയോ, അതോ ഉദ്യോഗത്തിനുവേണ്ടിയോ ഏതിനാണു ശമ്പളം വച്ചിരിയ്ക്കുന്നതെന്നു് എനിയ്ക്കു മനസ്സിലാകുന്നില്ല.

ഇതുപോലെതന്നെ പോലീസുകാരുടെ ബത്തയെപ്പറ്റിയും എനിയ്ക്കൊന്നു പറയുവാനുണ്ടു്. ഒന്നാംക്ലാസു പോലീസുകാർക്കു് വ അണയുടെ വയറും, രണ്ടാംക്ലാസുകാർക്കും മറ്റും ര അണയുടെ വയറും ആണു് അനുവദിച്ചിരിയ്ക്കുന്നതു്. ഇതേവിധത്തിൽതന്നെ വകുപ്പദ്ധ്യക്ഷന്മാരെല്ലാവരും കണക്കാക്കിക്കൊണ്ടു് അവരുടെ ശമ്പളത്തിൽ കുറ

LIBRARY ARCHIVES Kerala Legislative Assembly

വുചെയ്യുന്നതായാൽ ഈ നാട്ടിനു വളരെ ഉപകാരമായിരിയ്ക്കും. ഇ ത്രയധികം സംഖ്യ നമ്മുടെ ബഡ്ജറിൽനിന്നും പോകയുമില്ല. ഒരു വ ലിയഭാഗം ബത്തയും ശമ്പളവും വകുപ്പധ്യന്മാർക്കു വേണ്ടി നീക്കിവയ്ക്കു കയാണു ചെയ്യുന്നതു്. ഇതുപോലെതന്നെയാണു ശിപായിമാരുടെ കാര്യവും. മുൻസീഫുകോടതി ശിപായിമാർക്കും മറ്റും ഇപ്പോൾ അവ രോടു പ്രത്യേകം വിരോധം വച്ചുകൊണ്ടെന്നപോലെ യാതൊരു ബ ത്തയും കൊടുക്കാതെ അവരെ കഷ്ടപ്പെടുത്തുകയാണു ചെയ്യുന്നതു്. അതിനു പ്രത്യേകകാരണവും ഉണ്ടു്. അതു് കഴിഞ്ഞ നിയമസഭയിൽ ഞാൻ പ്രസ്താവിയ്ക്കുകയുണ്ടായി. അതുകൊണ്ടു വീണ്ടും ആ സംഗ തിയെ ഇവിടെ ചിവ്വിതചവ്വണം ചെയ്യണമെന്നു ഞാൻ വിചാരിക്കു ന്നില്ല.

ഇപ്പോൾ ഗെസ്റ്റ് ഹൌസ് മുതലായ സ്ഥാപനങ്ങൾക്കുവേണ്ടി നീക്കിവച്ചിട്ടുള്ള സംഖ്യയിൽനിന്നു കുറെ സംഖ്യ കുറച്ചു് പോലീസു കാരുടേയും ശിപായിമാരുടേയും ബത്തയെങ്കിലും ഉടനെ കൊടുത്തു് എന്റെ ഈ നിലവിളിയ്ക്കു് ഒരു സമാധാനമുണ്ടാക്കിത്തരണമെന്നു ഞാനപേക്ഷിയ്ക്കുന്നു. ഇതുപോലെതന്നെയാണു രജിസ്ട്രേഷൻ ഡിപ്പാ ർട്ടമെന്റിൽ നിയമിയ്ക്കുന്ന ഗുമസ്തന്മാരുടെ കാര്യവും. അവക്കെല്ലാം ഫർലോക്കാണുള്ളതു്. എന്നാൽ അവക്കു ബുദ്ധിയുപയോഗിച്ചു ചെ യ്യാനുള്ള യാതൊരു പണിയും ഇല്ല എന്നു ബഹുമാനപ്പെട്ട ജായിൻറ് സിക്രട്ടറി ഇവിടെ പറയുകയുണ്ടായി. ഇവരുടെ സംഗതി ഈ നിയമ സഭയിൽ മുന്നുപ്രാവശ്യം പാസായിട്ടുള്ളതാണു്. അതുകൊണ്ടു രജി സ്ട്രേഷൻ ഡിപ്പാർട്ടമെൻറിലെ ഗുമസ്തന്മാരുടെ കാര്യം ഗവമ്മെൻറു ദയവായി ആലോചിക്കണമെന്നും, സാധുക്കളായ ശിപായിമാരുടെ കാ ര്യത്തിൽ ഒരു നിവൃത്തിമാർഗ്ഗമുണ്ടാക്കിക്കൊടുക്കണമെന്നും അപേക്ഷിച്ചു കൊണ്ടും, ക്ഷാമനിവാരണത്തിനായി യാതൊന്നും ഈ ബഡ്ജറിൽ ഇല്ലാ ത്തതുകൊണ്ടു് അതിനു് ഏതെങ്കിലും വഴിയിൽ പണമുണ്ടാക്കി ഒരു നി വാരണമുണ്ടാക്കണമെന്നപേക്ഷിച്ചുകൊണ്ടും, എനിയ്ക്കു് ഇത്രയും സംഗ തികരം പറയുവാൻ സമയം അനുവദിച്ചതിനു പ്രത്യേകിച്ചു നന്ദിപറ ഞ്ഞുകൊണ്ടും ഞാൻ വിരമിയ്ക്കുന്നു.

മിസ്റ്റർ ആർ. വിശ്വനാഥൻ ചെട്ടിയാർ.— മാന്യരേ, ഈ നിയമ സഭയിൽ കഴിഞ്ഞകൊല്ലത്തെ ബഡ്ജറു സമ്മേളനത്തിൽ എന്റെ മാന്യ സ്നേഹിതന്മാർ തങ്ങളുടെ നിയോജക മണ്ഡലങ്ങൾക്കുള്ള ആവ ശ്യങ്ങളെപ്പറ്റി അതി ഗംഭീരങ്ങളും ദീർഘങ്ങളുമായിചെയ്ത പ്രസംഗങ്ങ ൾ മിക്കതും വനരോദനങ്ങൾമാത്രമായേ ഭവിച്ചിട്ടുള്ളൂ. എന്റെ മുമ്പ ലയെ ഇവിടെ സമർപ്പിക്കണമെന്നും എന്റെ ഉദാസീനത നിമിത്തം ഞാൻ പ്രതിനിധീകരിക്കുന്ന നിയോജക മണ്ഡലത്തിലെ ജനങ്ങളുടെ അത്യാവശ്യങ്ങൾ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ പെടാതെ വന്നേക്കുമെ

LIBRARY ARCHIVES Kerala Legislative Assembly

ന്നുള്ള ഭയംനിമിത്തവും താഴെ പറയുന്ന ചില അത്യാവശ്യ സംഗതികളെ ഗവൺമെണ്ടിന്റെ അറിവിനായി സമർപ്പിച്ചുകൊള്ളുന്നു.

ഈ ലോകത്തിൽ ജീവജന്തുക്കൾക്ക് അത്യാവശ്യമായിരിക്കുന്നത് ശുദ്ധവായു, ശുദ്ധജലം, നല്ലഭക്ഷണം, താമസിക്കുന്നതിനുള്ള ഭവനം, രോഗം പിടിപെട്ടാൽ ശരിയായ ചികിത്സാ ഇതുകൾ ആണ്. എന്നാൽ ഞാൻ പ്രതിനിധീകരിക്കുന്ന നിയോജക മണ്ഡലത്തിൽ ഒന്നാമതായി പറഞ്ഞ വായു മാത്രമേ സുലഭമായി കിട്ടുകയുള്ളൂ. ഉൾപ്രദേശമായതുകൊണ്ടും സ്വഭാവികമായ മറ്റു സംഗതികളെക്കൊണ്ടും ശുദ്ധവായു ധാരാളം ശ്വസിക്കുന്നതിന് എന്റെ നിയോജക മണ്ഡലത്തിലെ ജനങ്ങൾ ഭാഗ്യം ചെയ്തിട്ടുണ്ട്. ആളുകൾ എല്ലാം ഇഹലോക ചിന്തകളെ വെടിഞ്ഞു് സന്യാസിമാരായിരുന്നുവെങ്കിൽ യാതൊരു ആവലാതിയും ആക്ഷേപവും കൂടാതെ വായു ഭക്ഷണംകൊണ്ടുതന്നെ ജീവിക്കുമായിരുന്നു. അങ്ങിനെ അല്ലാത്തതുകൊണ്ട് മേൽപറഞ്ഞ മറ്റു സാധനങ്ങളും ഒഴിച്ചുകൂടാതെവന്നിരിക്കുന്നു.

രണ്ടാമത്തു് അത്യാവശ്യമായ സാധനം ജലമാണ്. ആയതിന്റെ അഭാവം അദ്ദേശവാസികളെ അതിയായി ശല്യപ്പെടുത്തുന്നുണ്ട്. മതിരാശിയിൽ തീപ്പെട്ട മഹാരാജാവു തിരുമനസ്സിലെ കൃപയാലും, ഭയാലുവായ ഇപ്പോഴത്തെ ചീഫ് എഞ്ചിനീയർ അവർകളുടെ അത്യുത്സാഹത്തിനാലും വല്ലഞ്ഞി, നെമ്മാറ, അയിലൂർ എന്നീ പ്രദേശങ്ങളിൽ കുറെ പൈപ്പുകൾവെച്ചുകിട്ടി. ആയതിൽ ഞങ്ങൾ എപ്പോഴും അവരോട് നന്ദിയുള്ളവരാണ്. പൈപ്പുകളുടെ എണ്ണം കൊല്ലംതോറും വർദ്ധിക്കുന്നതിനോ ജലക്ഷാമമുള്ള മറ്റു സ്ഥലങ്ങളിലേയ്ക്കു പൈപ്പു നീട്ടുന്നതിനോ ഗവൺമെണ്ടിന്റെ ശ്രദ്ധപതിക്കുന്നില്ല. വല്ലഞ്ഞിയിലുള്ള ബോർ ഹോളിൽ വെള്ളം സുലഭമായി കിട്ടുമെന്നുള്ള സംഗതി ചീഫ് എഞ്ചിനീയർ അവർകൾക്കു ധാരാളം അറിയാവുന്ന ഒരു സംഗതിയാണ്. എന്നാൽ ഈ കൊല്ലത്തിൽ മഴ വളരെ നീണ്ടതുകൊണ്ട് വാട്ടർ ടാങ്കിൽനിന്ന് അകലെ ഉള്ള പൈപ്പുകളിൽ പകൽസമയത്തു വെള്ളം കിട്ടാതെ ജനങ്ങൾക്ക് കുറച്ചു് കഷ്ടം സംഭവിച്ചിട്ടുണ്ട്. ഇതിനു നിവാരണം തൽക്കാലം ഇപ്പോൾ ഉള്ള ടാങ്കിനെ കുറച്ചു് ഉയർത്തുകയും വലുതാക്കുകയും ചെയ്താൽ നെമ്മാറ ഫക്കാവിലുള്ള സകല ജനങ്ങൾക്കും കുടിക്കുവാനുള്ള വെള്ളം സമൃദ്ധിയായി കൊടുക്കുവാൻ സാധിക്കും. നെമ്മാറയ്ക്കടുത്ത കയ്പഞ്ചേരി, തിരുവിഴിയാട് മുതലായ പ്രദേശത്തുള്ള നിവാസികൾ വേനൽക്കാലത്തു ശുദ്ധജലത്തിനുവേണ്ടി അനുഭവിക്കുന്ന കഷ്ടതകൾ പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. അനുഭവിച്ചുതന്നെ അറിയേണ്ടതാണ്. മനുഷ്യരുടെ സ്ഥിതി ഇത്തരത്തിലിരിക്കെ കന്നുകാലികളുടെ സ്ഥിതി വിവരിച്ചിട്ടാവശ്യമില്ല. ഇനിയെങ്കിലും ഗവൺമെണ്ടിന്റെ ശ്രദ്ധ ഈ വിഷയത്തിൽ ഉടനടി പതിയുമെന്നു ഞാൻ വിശ്വസിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ഇനി അത്യാവശ്യമായതു ഭക്ഷണമാകുന്നു. വിശേഷിച്ചു ചിറ്റൂർ താലൂക്കിലെ പ്രധാന ഉല്പന്നം നെൽകൃഷിയിലാണു സ്ഥിതിചെയ്യിരിക്കുന്നതു്. ടി കൃഷിക്കു് അത്യാവശ്യമായതു വെള്ളമാണു്. ഇപ്പോൾ മഴയെമാത്രമാണു് കൃഷിക്കാർ അവലംബിച്ചിരിക്കുന്നതു്. കാലവൈപരീത്യംകൊണ്ടു് കാലാകാലങ്ങളിൽ വർഷം ഇല്ലാതെ കൃഷി നശിക്കുന്നതു സാധാരണയാണു്. കാലത്തിന്റെ ഭേദഗതിയെ മനസ്സിലാക്കി എല്ലാ രാജ്യങ്ങളിലും ജലക്ഷാമനിവാരണത്തിനു അതാതു ഗവമ്മെണ്ടുകൾ പല ഏർപ്പാടുകളും ചെയ്തുവരുന്നതു നാം അറിയുന്ന സംഗതിയാണല്ലോ. മഹാരാജാവു തിരുമനസ്സുകൊണ്ടു് ബഹുമാനപ്പെട്ട ദിവാൻജി അവർകളുമൊരുമിച്ചു് കഴിഞ്ഞ കന്നിമാസത്തിൽ ഞങ്ങളുടെ പ്രദേശത്തെ സന്ദർശിച്ചപ്പോൾ മേൽപറഞ്ഞ കാര്യത്തെപ്പറ്റി തിരുമനസ്സുണത്തിക്കുകയും കഷ്ടപ്പാടുകൾക്കു നിവാരണമുണ്ടാക്കി തരുന്നതാണെന്നു് കരുണാനിധിയായ അവിടന്നു് അരുളിച്ചെയ്തയുമുണ്ടായി. ടി സംഗതിയെപ്പറ്റി ജനങ്ങൾ സന്തോഷിച്ചിരിക്കുന്നതിനു മല്ലൈ വീണ്ടും ബഹുമാനപ്പെട്ട ദിവാൻജി അവർകൾ നെമ്മാറയ്ക്കു സക്കീട്ടു വന്നസമയം ജലക്ഷാമത്തെപ്പറ്റി അപ്പോഴും ഓർമ്മപ്പെടുത്തുകയും ജലശേഖരത്തിനുവേണ്ട തക്കതായ സ്ഥലങ്ങളും മറ്റും സന്ദർശിക്കുകയും ചെയ്തു. എന്നാൽ മേൽപറഞ്ഞ സംഗതികളെപ്പറ്റി ഇതുവരെ ശരിയായ യാതൊരേർപ്പാടും നടത്തി കാണുന്നില്ല. മേലിൽ എങ്കിലും ഈ കാര്യത്തിൽ ഗവമ്മെണ്ടിന്റെ ശ്രദ്ധ പതിച്ചാൽ ആയതു ഇദ്ദേശവാസികൾക്കു ഗണ്യമായ ഒരു പുണ്യമായി തീരുന്നതാണു്. ഇതിനു് പുറമെ ഉൾപ്രദേശങ്ങളിൽ ഉള്ളതായ കൃഷിസ്ഥലങ്ങളിൽനിന്നു് കഷ്ടപ്പെട്ടുണ്ടാക്കുന്ന ധാന്യങ്ങളെ നാട്ടുപുറത്തേയ്ക്കു കൊണ്ടുവരുന്നതിനു് ചില റോഡുകളും ഈ പ്രദേശത്തേയ്ക്കു ആവശ്യമാണെന്ന സംഗതിയും മുമ്പു പല പ്രാവശ്യവും ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നിട്ടുള്ളതിൽ ഇതേവരെ യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല. മേലിലെങ്കിലും ഈ കാര്യത്തിൽ ഗവമ്മെണ്ടു് ദയവായി ആലോചിച്ചു വേണ്ടതു പ്രവൃത്തിക്കുമെന്നു വിശ്വസിക്കുന്നു.

ഇനി വൈദ്യസഹായത്തെപ്പറ്റിയാണു രണ്ടു വാക്കു എനിക്കു പറയുവാനുള്ളതു്. അതായതു നെമ്മാറയിൽ ഗവമ്മെണ്ടു വകയായി രസമായ ഒരു കെട്ടിടവും മിടുക്കന്മാരായ രണ്ടു ഡാക്ടർന്മാരും ഉള്ളതിനാൽ ഈ കഴിഞ്ഞ മേടമാസംവരെ ആസ്പത്രി വരാന്തയിൽക്കൂടി നടക്കാൻ കൂടി പാടില്ലാത്തവിധത്തിൽ അത്രമാത്രം ദീനക്കാർ കിടന്നിരുന്നു. ഇടവമാസം മുതൽ ദീനക്കാർ കുറവായിരുന്ന സംഗതിയെക്കുറിച്ചു ഞാൻ അന്വേഷിച്ചതിൽ ദീനക്കാരിൽ വളരെപേരെ മടക്കി അയച്ചതായും അതിനുള്ള കാരണം ഡയറിനുള്ള സംഖ്യ വളരെ മുടക്കമാണെന്നും മനസ്സിലായി. എന്നാൽ ദൂരപ്രദേശങ്ങളിൽനിന്നു് രോഗബാധിതരായ ജനങ്ങൾ വന്നു് കഷ്ടപ്പെടുന്നതു വളരെ സങ്കടമാണെ

LIBRARY ARCHIVES Kerala Legislative Assembly

ന്ന് ഗവമ്മെണ്ടിലേക്കുതന്നെ അറിയാവുന്ന സംഗതിയാണ്. ഡാക്ടർമാരുടെ യോഗ്യതകൊണ്ടുമാത്രം മേൽപറഞ്ഞ രോഗികളുടെ കഷ്ടപ്പാടുകൾ തീരുന്നതല്ല. അതുകൊണ്ടു രോഗികളെ കിടത്തി ചികിത്സിക്കുന്നതിന് വേണ്ട സ്ഥല സൌകര്യങ്ങളും ആവശ്യമുള്ള മരുന്നുകളും രോഗികൾക്കു ഭക്ഷണത്തിനു വേണ്ട ഏർപ്പാടും ഗവമ്മെണ്ടിൽനിന്നു അനുവദിച്ചുകൊടുത്തു സാധുക്കളെ രക്ഷിക്കുന്നതിനായി ഞാൻ പ്രത്യേകം അപേക്ഷിച്ചുകൊള്ളുന്നു.

നെമ്മാറാഫക്കാവിൽ ഈയിടെ സ്ഥാപിച്ചതായ ഹെൽത്തു് സെൻറിനെപ്പറ്റി രണ്ടു വാക്കു പറയുന്നതു അസ്ഥാനത്താകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ഹെൽത്തുസെൻറർ എന്ന നാമധേയത്തിൽ വളരെ വിശാലമായ ഒരു കെട്ടിടവും അതിനു് ഉപയുക്തങ്ങളായ മറ്റു സാമഗ്രികളും ഗവമ്മെണ്ടിൽനിന്നു് യാതൊരു ലോഭവുംകൂടാതെ കൊടുത്തിട്ടുണ്ടു്. അവിടെ വിദുഷിയായ ഒരു ലേഡിഡാക്ടരും സഹായത്തിനു് ഹെൽത്തു വിസിറേഴ്സ് എന്ന പേരോടുകൂടി രണ്ടോ മൂന്നോ സ്ത്രീകളുമുണ്ടു്. ഇവരുടെ പ്രവൃത്തി എന്തെന്നോ, ഗവമ്മെണ്ടിൻെറ ഉദ്ദേശം എന്തെന്നോ അവർക്കോ ഈ പ്രദേശത്തുകാർക്കോ എന്നവേണ്ട ഡിപ്പാർട്ടുമെണ്ടിന്നതന്നെയോ അറിവില്ല. ഇവരുടെ പ്രവൃത്തിയെപ്പറ്റിയുള്ള മേൽനോട്ടം ഹെൽത്തു ഡയറക്ടർ അവർകൾക്കുമാത്രം ആണെന്നതോന്നുന്നു. അദ്ദേഹത്തിനു മറ്റു പലേ ജോലികളും ഉള്ളതാകകൊണ്ടു് ഇവരുടെമേലുള്ള നോട്ടം ശരിയാകുന്നുണ്ടോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഗവമ്മെണ്ടിൽനിന്നു ഇവരുടെ പ്രവൃത്തിയെ നിയന്ത്രിക്കുന്നതിനു് മറെറാരാളെക്കൂടെ നിയമിക്കുകയോ അല്ലെങ്കിൽ ആണറി വിസിറേഴ്സിനെയെങ്കിലും നിയമിക്കുന്നതു് വളരെ ആത്യാവശ്യമാണെന്നു് എനിക്കു തോന്നുന്നു. വല്ലസമയത്തും പ്രസവക്ലേസ്സിനു് ഇവരെ വിളിച്ചാൽ Tools (മരുന്നു്) ഇല്ലെന്നുപറഞ്ഞു ക്ഷണിക്കാൻവന്നവരെ മടക്കി അയയ്ക്കുന്നു. അതുകൊണ്ടു മേൽപറഞ്ഞ പുതിയ സ്ഥാപനത്തിൻെറ സാന്നിദ്ധ്യം ഈ പ്രദേശത്തുകാക്കു യാതൊരു ഉപകാരവും ചെയ്യുന്നില്ലെന്നു വ്യസനസമേതം അറിയിക്കേണ്ടിയിരിക്കുന്നു. നെമ്മാറ ആശുപത്രി ഹെൽത്തുസെൻറർക്കു അടുത്തായതുകൊണ്ടു ഗവമ്മെണ്ടിൽനിന്നു നന്നിയോടു എന്ന സ്ഥലത്തെയ്ക്കു മാറ്റി വളരെ ജനങ്ങൾ ഉള്ളതും വൈദ്യസഹായത്തിനു വളരെ പ്രയാസമുള്ളതും ആയ പട്ടഞ്ചേരി എന്ന സ്ഥലത്തെയ്ക്കു നന്നിയോട്ടിലുള്ള ആസ്പത്രിയെ ഏർപ്പെടുത്തിക്കൊടുത്താൽ അവിടത്തെ ജനങ്ങളുടെ ആവലാതിയും തീരുന്നതാണെന്നു ഗവമ്മെണ്ടിനെ അറിയിച്ചുകൊള്ളുന്നു. മേൽപ്രകാരം ചെയ്യുന്നതിൽ ഗവമ്മെണ്ടിനുംകൂടി ഒരു സൌകര്യമുള്ളതെന്തെന്നാൽ നെമ്മാറ അയിലൂർ പഞ്ചായത്തു കൂട്ടിച്ചേർക്കുന്നതുകൊണ്ടു നെമ്മാറയിൽ ഇപ്പോഴുള്ള പഞ്ചായത്തുകോർട്ടു സ്ഥലം ആവശ്യത്തിനു മതിയാകുന്നതല്ല. സാനിട്ടറി ആഫീസും Rented building

LIBRARY ARCHIVES Kerala Legislative Assembly

ആണ്. മേൽ എഴുതിയ രണ്ടു ഡിപ്പാർട്ടുമെൻറുകളും ഹെൽത്തുസെൻറർ കെട്ടിടത്തിലേയ്ക്കു മാറ്റി നെമ്മാറ സർക്കാർ മഠത്തിലെ ഒരു ഭാഗം വില്ലേജ് ആഫീസായി ഉപയോഗിക്കുന്നതിനെ പഞ്ചായത്തു കെട്ടിടത്തിലേയ്ക്കും മാറ്റുന്നതായാൽ എല്ലാ ഡിപ്പാർട്ടുമെണ്ടിലേയ്ക്കും വളരെ സൌകര്യമായി എന്നു മാത്രമല്ല വല്ല അവസരങ്ങളിലും റായൽഫാമിലിയിൽനിന്നു തമ്പുരാക്കന്മാർ എഴുന്നള്ളുമ്പോൾ അവർക്കും മഠത്തിൽ താമസിക്കുവാൻ വളരെ സൌകര്യമായിരിക്കും.

*(At this Stage the Diwan President took the chair)*

ഇനി രണ്ടുവാക്കു പറയുവാനുള്ളതു എൻറെ നിയോജകമണ്ഡലത്തിൽപ്പെട്ട പട്ടഞ്ചേരിയിലെ സ്ഥിതിയെപ്പറ്റിയാണ്. ആ പ്രദേശത്തുകാർ വേനൽക്കാലത്തു കുളിക്കുവാൻ വെള്ളം ഇല്ലാതെ അതിയായി കഷ്ടപ്പെടുന്നു. വളരെ ജനങ്ങൾ താമസിക്കുന്ന ആ പ്രദേശത്തു കുളിക്കുന്നതിനു ഗവമ്മെണ്ടുവകയായി കുളങ്ങളോ മറ്റുജലാശയങ്ങളോ ഇല്ല. അവിടെയുള്ള കുളങ്ങൾ ജന്മികളുടേയും കൃഷിക്കാരുടേയും വകയാണ്. കൃഷിക്കു വെള്ളം പോരാതെവരുമ്പോൾ കുളങ്ങളുടെ ഉടമസ്ഥന്മാർ പെട്ടെന്നു വെട്ടിത്തുറന്നു കൃഷിക്കുപയോഗപ്പെടുത്തുന്നതുകൊണ്ടു കുളിക്കുന്നതിനും മറ്റും ജനങ്ങൾ വളരെ കഷ്ടപ്പെടുന്നു. ഇതിനെപ്പറ്റി ഗവമ്മെണ്ടിൻെറ ദൃഷ്ടിയിൽ പല ഹർജിമൂലവും മറ്റും ആ നാട്ടുകാർ ആവലാതിപ്പെട്ടിട്ടും ഇതേവരെ ഗവമ്മെണ്ടിൽനിന്നു യാതൊരു നിവാരണവും ചെയ്തുകൊടുത്തിട്ടില്ല. വൈദ്യസഹായത്തെപ്പറ്റി പട്ടഞ്ചേരിക്കാർ മേൽപറഞ്ഞപ്രകാരം ഗവമ്മെണ്ടു ചെയ്തുകൊടുക്കുമെന്നു വിശ്വസിക്കുന്നു.

ഇങ്ങനെയുള്ള ഓരോ ആവശ്യങ്ങളെക്കുറിച്ചും വിശദീകരിച്ചു പ്രസംഗിച്ചു് ഈ ഹൌസിലെ വിലയേറിയ സമയത്തെ കളയാൻ ഞാനാഗ്രഹിക്കുന്നില്ല. എന്നാൽ സാരമായും വളരെ സങ്കടമായും ഒരു സംഗതിക്കൂടി ചുരുക്കത്തിൽ പറയുവാനുള്ളതു് ചിറ്റൂർ താലൂക്കുകാരെ പിഴിഞ്ഞുകിട്ടാവുന്നിടത്തോളം സംഖ്യ, മറ്റു താലൂക്കുകളിൽ പിരിക്കുന്നതിലധികം സംഖ്യ ഗവമ്മെണ്ടു വസൂലാക്കി കൊണ്ടുപോകുന്നതല്ലാതെ ഉദ്യോഗങ്ങൾ കൊടുക്കുന്നതിലും മറ്റു ചിലവുകൾ ചെയ്യുന്നതിലും മറ്റു താലൂക്കുകാർക്കു ഗവമ്മെണ്ടിൽനിന്നു ചെയ്തുകൊടുക്കുന്നതിൻപകുതിയിൽ ചിറ്റൂർ താലൂക്കു നിവാസികൾക്കും ചെയ്തുകൊടുക്കാത്തതിൽ ഒട്ടാകെ വളരെ സങ്കടവും കഷ്ടവുമുണ്ടു്.

ഇതിനുള്ള കാരണം ചിറ്റൂർ താലൂക്കിൽ വലിയ പാസുകാർ ഉണ്ടെങ്കിലും വലിയ ഉദ്യോഗത്തിലോ വകുപ്പദ്ധ്യക്ഷന്മാരായോ ആളുകൾ ഇല്ലാത്തതുകൊണ്ടായിക്കാം. ഇനി ഞങ്ങളുടെ കഷ്ടനിവാരണത്തിനു് ഒരു വഴിമാത്രമേ ഉള്ളൂ. അതായതു് ഇപ്പോഴത്തെ ദിവാൻജി അവർകൾ ദയവായി ആലോചിച്ചു് ഓരോ താലൂക്കുകളിൽനിന്നുമുള്ള വരവനു

LIBRARY ARCHIVES Kerala Legislative Assembly

സരിച്ച് ഉദ്യോഗങ്ങൾ നൽകുന്നതിനും അതാതു താലൂക്കുകളിലെ ജനങ്ങൾക്ക് ഉപജീവനത്തിനാവശ്യമായ ചിലവുകൾ ചെയ്യേണ്ടതാണെന്നും, മേലുദ്യോഗസ്ഥന്മാരെ തൃപ്തീകരിച്ചെയ്യും ഞങ്ങളുടെ സങ്കടം തീർത്തുതരണമെന്നപേക്ഷിച്ചുകൊണ്ട് എന്റെ ഈ പ്രസംഗത്തെ ഉപസംഹരിച്ചുകൊള്ളുന്നു.

**Mr. T. A. Ramachandra Ayyar.**—Sir, This being the twelfth Budget discussion in which I am taking part and the general principles having been discussed often, it is deemed that a review of the administration during the past one year alone will be sufficient under the circumstances.

Though the budget that has been so ably presented by the Hon'ble Member for Finance, where he has described our little State as the Queen of South India, is apparently a surplus budget, we are not much enamoured of it, judging from our experience of the previous years. The budget for the year 1111 was framed with a surplus of Rs. 70,385 while the revised estimates show a deficit of Rs. 554,800. Even a casual observer can find out that it is by a clever manipulation of figures, underestimating expenses which are sure to assume in the end bigger proportions, and withholding legitimate expenses which vitally affect the well-being of the State, that the Budget is now presented as a surplus one. The purchase of second hand rails for the Tramway, commissions and other incidental charges in raising the State Loans, the tour of His Highness the Maharaja to Madras and Delhi, liberal disbursements of donations and subscriptions, entertainment of ever increasing roll of State guests, and further fees paid to Sir T. B. Sapru, are some of the main items that have caused the swelling up of the estimated figures this year. In the ensuing year, I am afraid, there will be a more plentiful crop of such expenses though not the identical ones. The impending Imperial Coronation at Delhi, the newfangled attractions at Delhi on account of the newly purchased mansion there, the Federation, Harbour, Railway and Agricultural Research meetings and Conferences in the Imperial Capital are sure to take the Diwan or His Highness and the Diwan to Delhi and other distant places; the fourth stage of the Harbour may turn to be a bigger white elephant than it is painted to be. The entertaining of the new Viceroy and other distinguished persons who are likely to visit Cochin, the Queen of the Arabian Sea, are only some of the more important heads under which enormous expenditure will have to be incurred in the ensuing year. The Government are always armed with three very dangerous weapons with which this Council can be got

LIBRARY ARCHIVES Kerala Legislative Assembly

over or set at naught. They can spend any amount behind the back of this Counil and place a bold statement on the table of the House when it meets next; or they can ask for supplementary grants, often bigger than original allotments themselves when the Council cannot enter into any discussion of principles, or—and this is the most powerful weapon of all—they can put that expenditure in the non-votable category and shut the mouth of the Council for ever. Under these circumstances I for one am not in the least attracted by the paltry surplus that is shown in the present Budget and if I am allowed to make a prophecy, Sir, I venture to predict that when the revised estimates for the year 1112 are presented, there will be on a moderate calculation, at least a deficit of 10 lakhs of rupees.

To mention but a few of the glaring instances of clever manipulations of figures and exhibition of paper prosperity, one lakh and twentyfive thousand rupees promised to the Road Board for the construction of new Roads and Bridges in 1112, is now proposed to be utilised for completion of works started in 1111 thereby leaving little or nothing for the activities of the Board for the year 1112. Even the promised 1¼ lakhs is far below the usual expenditure on such works in previous years, when the august and much wanted Road Board was not even conceived of. To show an apparent increase in the credit side the cost of maintenance in the existing roads is abruptly cut which is sure to tell upon the present excellent condition of our roads. A false and utterly baseless theory that the economic depression is entirely lifted is promulgated and the 12½ per cent remission in the land revenue is added on to the credit side. This artificial lifting of economic depression is a master stroke which no other Government was able to achieve within so short a period.

One is reminded of the old story of Nero who was fiddling when Rome was burning when one carefully looks into the details of expenditure. The purchase of a palace in far-off Delhi at a cost of Rs. 1,70,000, where our beloved Maharaja may or may not condescend to go, the provision for a guest house at Ernakulam at a nominal cost for the time being of one lakh of rupees which I am sure will consume not less than five lakhs of our hard earned money, a subsidy of 1½ lakhs to a newly formed foreign textile company when the Government Potteries are tottering and the Tanneries are smouldering and while funds are not available even to sanction the repair of village wells and the opening of a few fresh divisions in primary schools are

LIBRARY ARCHIVES Kerala Legislative Assembly

instances in point. The fact that land acquisition proceedings are briskly going on regarding the construction of the new Guest House before any estimates are prepared and before the Council records its vote on its advisability shows the extent to which the Government are prepared to go and what value they attach to the decision of the Council. I must confess that my reading of the budget forces me to think that it is a conglomeration of all evils of self-assertion and public deception, on which no honest-minded man can congratulate the Government.

A civilised Government is generally found working on accepted principles of steadiness in administration, impartiality to the services, and encouragment of indigenous industries. That the Cochin Government's last one year's stewardship has been a total negation of the abovesaid principles will be clear from a resume of the main events that have taken place last year. The refusal to extend any patronage to one of the most thriving industrial concerns in the State even after repeated requests from them, volunteering to finance a new undertaking promulgated by foreigners, deliberately dealing the death blow to the Trichur Electric Corporation and actually helping a foreign Electric Company in ways too numerous to mention, granting unnecessary underwriting commission to foreign brokers "when the Government felt certain that its financial strength would warrant an easy success of such loans" and while individuals and concerns in the State itself were prepared to subscribe to the same, unmistakably show the Government's anxiety and solicitude for assisting Swadesi enterprises. Many of the Tile Factories in Ollur and Puthukad employing a little over 5000 people wanted to get a remission of the newly imposed license fees and a reduction in the enhanced quarrying charges and petitioned both the Diwan and His Highness the Maharaja. They did not ask for loans, they did not ask for any pecuniary help. But alas! when the very petitions for remission were pending disposal they were prosecuted for non-payment of the fees. Such is the solicitude evinced on behalf of the petty rural industrial concerns.

Coming to the impartiality to the services, I have only to refer to the grave injustice done to many a deserving person in the recent shuffling of official cards. One who has acted twice as District Magistrate and Additional Judge is now superceded by another junior to him in more ways than one; another who had acted twice as District Munsiff, is now ignored and one of his juniors is placed over him. To give the plum to a favourite

LIBRARY ARCHIVES Kerala Legislative Assembly

the high sounding principle of a first grade District Judge being the fittest man to the post of Law Commissioner was once ceremoniously trumpeted, but alas who occupies that exalted position now. What is the principle underlying in an acting senior District Judge holding permanent Police Commissioner's post? Persons of questionable capacity and ability seem to glow with glory in the eyes of the present progressive Government. Though as observed by the Diwan President yesterday "it must be clearly understood that no departure will be made from the requirements relating to minimum educational qualifications for appointments from backward communities" that principle seems to have had rude shocks at times.

While principles of democracy are pompiously preached in and out of season for the edification of the Hon'ble Members of this House, the authorities seem to be unduly perturbed at the slightest whisper of adverse criticism however innocent or well-meant they may be. The promulgation of the Newspaper Regulation itself in the teeth of the opposition of this House and the discriminating way in which license fees are levied from Newspapers clearly shows which way the wind blows. Of course, I am not unaware of the authoritative classification of the people of Cochin into sycophants and cantankerous critics.

The Huzur Secretariat was reorganised to lay the proper foundation for building up the edifice of the growing democracy of the State and to greater freedom to its administrative Head to tackle with the bigger problems of administration and policy. May I ask in all humbleness what intricate problems of administration or policy conducive to the welfare of the State have been solved with the greater freedom and leisure at your disposal during the last one year or more? Perhaps you will remind me of the impending declaration of the 1st August 1936. Yes, on that memorable day Cochin will become a Major Port "which brings to a successful termination the question that has been pending for a very long time". On a previous occasion you vouchsafed to us the precious information that the question of jurisdiction alone stood in the way of proceeding with the 4th stage of the Harbour works and in your words "All the works in connection with the final stages of the Harbour development have now been undertaken." Strangely enough not a word about the solution of the question, if a solution has been reached at all. Though that consolation is denied to us we are thankful to you for the information that another 85 lakhs is to be sunk in and around the harbour. Pray God that

LIBRARY ARCHIVES Kerala Legislative Assembly

the amount may not increase by the time of the next Budget and Cochin may not repeat the story of the Back Bay of Bombay.

I cannot conclude these remarks without expressing a deep sense of gratitude to you for the interesting international spirit with which you have made "it perfectly plain that (Cochin) Government are not prepared to treat Indian businessmen coming from any part of India into the State as foreigners in any sense of the term. Cochin is indeed too small a State to consider itself as a self-contained unit and any invidious treatment meted out to non-Cochinites will react very unfavourably on the interests of H. H. the Maharaja's subjects who hold many posts of responsibility both in Government and in private enterprises and who are carrying on trade outside the State". Surely those Cochinites are beholden to you for the great solicitude you have shown on their behalf. But we the unfortunate home-stayers beg leave to infuse into your all-embracing cosmopolitanism that the discriminating policy hitherto followed by the Cochin Government which you have the good fortune to direct today has had no serious repurcussions on the business carried on or posts held by the Cochinites outside the State. In spite of your laborious apologia on behalf of Cochin Textiles and Light and Power Corporation we remain firm in our belief that though not technically they are foreign in any sense of the term. Help them, encourage them, finance them, if you must, for you have the power. But pray for Heaven's sake don't add insult to injury. Do not say "Government will not countenance any move intended to discourage or penalise the enterprise of Indians from any part of the country. Because the Government is ours and shall remain ours even after your departure.

മിസ്റ്റർ കെ. അയ്യപ്പൻ.— സർ, സാധാരണനിലയിൽ ഇപ്പോഴത്തെ ബഡ്ജറിനെപ്പറ്റി ആക്ഷേപം പറയുവാൻ അധികം ന്യായമില്ല. എന്നാൽ ബഡ്ജറിൽ തൊഴിലില്ലായ്മക്ക് എന്തു പരിഹാരം ചെയ്തിട്ടുണ്ട്? കടക്കാരുടെ വൈഷമ്യങ്ങൾക്ക് എന്തു ചെയ്തിട്ടുണ്ട്. പ്രത്യേകിച്ചു വേലക്കാരുടെ ഇടയിലുള്ള തൊഴിലില്ലായ്മക്ക് എന്തു ചെയ്തിട്ടുണ്ട്? ഈവക പ്രശ്നങ്ങളാണ് ഇപ്പോൾ എല്ലാ ഗവമ്മെൻറുകളേയും അഭിമുഖീകരിക്കുന്നത്. അതുകൊണ്ട് ബഡ്ജറ് എടുത്താൽ ആദ്യം നോക്കുന്നത് ഈ വിഷമങ്ങൾ പരിഹരിക്കാൻ എന്തു നയമാണ് ഗവമ്മെൻറ് സ്വീകരിച്ചിരിക്കുന്നതു്; എന്തു പദ്ധതിയാണ് ഇതിനുവേണ്ടി രൂപീകരിച്ചിരിക്കുന്നത് എന്നാണ്. ഇങ്ങിനെ നോക്കിയാൽ ഇപ്പോഴത്തെ ബഡ്ജറ് ഒരു തൃപ്തികരമായ ബഡ്ജറാണെന്നു പറയുവാൻ

LIBRARY ARCHIVES Kerala Legislative Assembly

നിവൃത്തിയില്ല. ഈവക കാര്യങ്ങളിൽ, കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിൽ ലാൻഡ്മോർട്ട്ഗേജ് ബാങ്കിന്റെ കാര്യം പറഞ്ഞിരുന്നു. ഈ ബാങ്കുകൊണ്ട് ജനങ്ങൾക്ക് ഒരു രക്ഷയുമില്ല. ഇതിന്റെ ഇപ്പോഴത്തെ നില പറയുകയാണെങ്കിൽ കുറച്ചു പണം ഗവണ്മെൻറിനു നഷ്ടപ്പെടുക മാത്രമേ ചെയ്തിട്ടുള്ളൂ. ഈ രാജ്യത്തെ കടക്കാരുടെ കടത്തിനു പരിഹാരം ലാൻഡ്മോർട്ട്ഗേജ് ബാങ്ക് കൊണ്ടുണ്ടാകുന്നതല്ല. ഇതു തുടങ്ങീട്ട് എത്രമാസമായി; എത്ര പണം കൊടുത്തിട്ടുണ്ട്. ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ബാങ്കിലുള്ള ഉദ്യോഗസ്ഥന്മാർ ശമ്പളം പറ്റിയിടത്തോളം പണവുംക്രോടി പുറത്തു കടംകൊടുത്തിട്ടില്ല. ഇതിൽപ്പരമായ ഒരു പരാജയം ലാൻഡ്മോർട്ട്ഗേജ് ബാങ്കിനു എന്താണു വരാനുള്ളത്. വസ്തുക്കളുടെ ഇപ്പോഴത്തെ വിലയിൽ ൫൦% കടം കൊടുക്കാമെന്നു പറഞ്ഞു ഗവണ്മെൻറു പരസ്യമായി പ്രഖ്യാപനം ചെയ്തതിനുശേഷം, ഇപ്പോൾ ൪൦ ശതമാനമേ കൊടുക്കുകയുള്ളൂവെന്നു പറയുന്നു. ൫൦% കടം കൊടുത്താൽതന്നെയും കടക്കാരിൽ ൨൫% പേർക്കും പണംവാങ്ങുവാൻ സാധിക്കുകയില്ല. അവസ്ഥിതിക്കു ൪൦% ശതമാനമേ കൊടുക്കുകയുള്ളൂ എന്നു പറഞ്ഞാൽ എന്തു രക്ഷയാണു ജനങ്ങൾക്കു വരുവാൻപോകുന്നതു്. ഞാൻ ഗവണ്മെൻറിനെ കുറ്റം പറയുകയല്ല ചെയ്യുന്നതു്. തൊഴിലില്ലായ്മയെ സംബന്ധിച്ചു പറയുകയാണെങ്കിൽ, പഠിപ്പുള്ളവരുടെ തൊഴിലില്ലായ്മയെപ്പറ്റി ഞാനൊന്നും പറയുന്നില്ല: ഒരു ദിവസത്തെ വേലകഴിഞ്ഞു വൈകുന്നേരം നിസ്സാരമായ കൂലിയുംവാങ്ങി, നാളെ എവിടെയാണു പോകേണ്ടതു് എന്നു ആധിയോടുകൂടിയാണു വേലക്കാർ വീട്ടിലേക്കു പോകുന്നതു്. ഞാൻ ഈ സ്ഥിതി ഗവണ്മെൻറിന്റേയും ദിവാൻജി അവർകളുടേയും ദൃഷ്ടിയിൽ കൊണ്ടുവരുന്നു. ടാക്സ് റമിഷൻ എടുത്തുകളഞ്ഞതിൽ ഞാൻ ഈ അവസരത്തിൽ ഗവണ്മെൻറിനെ സ്തുതിക്കുകയാണു ചെയ്യുന്നതു്. ടാക്സ് റമിഷൻകൊണ്ടു ഗവണ്മെൻറിനു നഷ്ടമല്ലാതെ കർഷകർക്കു ആശ്വാസമുണ്ടാകയില്ല. ടാക്സ് ഇളവുചെയ്തയല്ല. വെറുമ്പാട്ട കുടിയാന്മാരുടെ പാട്ടത്തിൽ കുറവുവരുത്തുവാൻ ആവശ്യമായതു പ്രവൃത്തിക്കയാണു ഗവണ്മെൻറു ചെയ്യേണ്ടതു്.

മിസ്റ്റർ ഇ. ഇക്കണ്ടവാര്യർ.— കരം ആരാണു കൊടുക്കുന്നതു, വെറുമ്പാട്ടക്കാരല്ലേ?

മിസ്റ്റർ കെ. അയ്യപ്പൻ.— ആരെങ്കിലും കൊടുത്തുകൊള്ളട്ടെ. അതു് ഇളവുചെയ്താൽ ഗുണമില്ലെന്നോ ഞാൻ പറയുന്നുള്ളൂ. ഇരുപതുരൂപാ യോ മറ്റോ കരം കൊടുക്കുന്ന ഒരുത്തന്നു് അതിൽ ഫുൾ ശതമാനം കുറക്കുന്നതുകൊണ്ടു് ഒരു രക്ഷയും വരുന്നില്ല. ഇതിനേക്കാൾ അത്യാവശ്യമായിട്ടുള്ളതു് പാട്ടം കുറക്കുകയാണു്. ഇവിടെ ഉല്പന്നങ്ങൾക്കു വില ഉണ്ടാക്കുന്ന കാര്യത്തിൽ ഗവണ്മെൻറു എന്തെങ്കിലും ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഫ്ര൦ രൂപാ ശമ്പളത്തിൽ രണ്ടു മാക്കറിഹ്ഡ് ആഫീസർമാരെ വച്ചിരിക്കുന്നു എന്നു ഗവൺമെൻറു പറയുന്നു. ഫ്ര൦ക.ക്കു വാങ്ങുന്ന ടാലൻറസ് (Talants)കൊണ്ടു സാധിക്കേണ്ടതല്ല മാക്കറിങ്ങ് കായ്യം. ഇവർക്ക് എന്തു മാക്കറു് കണ്ടുപിടിക്കുവാൻ സാധിക്കുമെന്നു ഞാൻ ചോദിക്കുന്നു. രണ്ടായിരമോ മൂവ്വായിരമോ ഉറുപ്പിക ശമ്പളം കൊടുത്തു രണ്ടുമൂന്നു കൊല്ലത്തേക്ക് ഒരു യൂറോപ്യനെ കടംവാങ്ങണം. എന്നാൽ വല്ലതും ഗുണമുണ്ടാകാൻ ഇടയുണ്ട്.

ഇവിടത്തെ കൃഷി ഡിപ്പാർട്ടുമെണ്ടിനെ പൊതുവെ ഒന്നു മാററിവെച്ചാൽ തരക്കേടില്ലെന്നാണു ഞാൻ പറയുന്നതു്. കൃഷി ഡിപ്പാർട്ടുമെണ്ടിനെപ്പററിപ്പറയുന്നതു് അതിൻെറ അദ്ധ്യക്ഷൻെറ ഭരണദ്ധിഷ്യം കൊണ്ടല്ല. എത്ര കാലമായി ഈ ഡിപ്പാർട്ടുമെണ്ടു് ഇവിടെ നടക്കുന്നു. ഈ രാജ്യത്തു് ഒരൊററ കൃഷിക്കാരനെങ്കിലും അതുകൊണ്ടു യാതൊരു പ്രയോജനവും വന്നിട്ടില്ല. ഈ കൃഷി ഡിപ്പാർട്ടുമെണ്ടിൽ എന്തെങ്കിലും സാരമായ പരിവർത്തനങ്ങൾ വരുത്തി ജനങ്ങൾക്കു കൃഷിക്കു പകാരപ്പെടുന്ന വിധത്തിലാക്കി ഈ ഡിപ്പാർട്ടുമെണ്ടിനെ ആകെ മാററുവാനാണു്. കൃഷി ഡിപ്പാർട്ടുമെണ്ടിൻെറ ഇന്നത്തെ രീതികൊണ്ടു യാതൊരു ഗുണവുമില്ല.

പിന്നെ ട്രാംവേയിൽ ഫ്ര,൪ൻ,൦൦൦ രൂപയോളം വരവും ഫ്ര,ൻ,൦൦൦ രൂപയോളം ചിലവും കാണുന്നുണ്ടു്. ഒരുവേള ഫാറസ്റ്റിലുള്ള ഈ വരവുട്രാംവെ നിൽക്കുന്നതുകൊണ്ടുണ്ടായതായിരിക്കാം. ഫാറസ്റ്റിൽ ഒരു ലക്ഷം രൂപാ ആദായമുണ്ടു്. ട്രാംവേയില്ലാതെ ഫാറസ്റു നടത്തിയാൽ വലിയ നഷ്ടമൊന്നും വരില്ലെങ്കിൽ ട്രാംവേ വേണ്ടെന്നുവെക്കാമോ എന്നു് ആലോചിക്കേണ്ടതാണു്.

എക്സൈസിനെ സംബന്ധിച്ചു ഒരു സംഗതി ഇവിടെ പ്രത്യേകിച്ചു പറയാനുണ്ടു്. ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എക്സൈസ് ഡിപ്പാർട്ടുമെണ്ടിൽനിന്നു ഷാപ്പുകളെ ലേലം വിളിക്കുന്ന നയം തീരെ അനാശാസ്യമാണു്. അതു എക്സൈസ് കമ്മീഷണരുടെ തരക്കേടല്ല; ഗവൺമെണ്ടിൻെറ തരക്കേടാണു്. ഗവൺമെണ്ടിനു പണമുണ്ടാക്കണമെന്നേ ഉദ്ദേശമുള്ളൂ. ലേലം വിളിച്ചു് ഉറപ്പു ഒരു ഷാപ്പിനു വീണ്ടും ടെണ്ടർ സ്വീകരിക്കുന്നതു് ഏതൊരു ഗവൺമെണ്ടിനു ന്യായീകരിച്ചതാണു്? ഇത്ര രൂപായ്ക്കു ഷാപ്പു വിളിക്കുകയെന്നു പറഞ്ഞു് അതു കഴിഞ്ഞു തീച്ചുയാക്കി പോയതിൻെറ ശേഷം വേറെ ടെണ്ടർസ് സ്വീകരിച്ചു് അവരോടു കൂടുതൽ സംഖ്യ വാങ്ങിക്കുക എന്നതു് എന്തു ന്യായമാണു്. ഈ നയം തുടർന്നുകൊണ്ടുപോകയാണെങ്കിൽ ഷാപ്പുകാർ ഇതിൻെറ പരിഹാരത്തിനുവേണ്ടി ശ്രമിക്കേണ്ടിവരും. അതുകൊണ്ടു ഗവൺമെണ്ടു് ഈ കാര്യത്തിൽ കുറച്ചുകൂടി ന്യായമായ നയം സ്വീകരിക്കുന്നതു നന്നായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

ഇനി പറയുവാനുള്ളതു വിദ്യാഭ്യാസത്തെപ്പറ്റിയാണു്. കാളേജു വിദ്യാഭ്യാസത്തിനു പണം വാരി ചിലവിടുന്നു എന്നു പറഞ്ഞു പലേ മെമ്പർമാരും ആക്ഷേപിച്ചു. കാളേജു വിദ്യാഭ്യാസത്തിൽ ഒരു പൈ പോലും കുറക്കുവാൻ പാടില്ലെന്നാണു ഞാൻ പറയുന്നതു്. കാളേജു് വിദ്യാഭ്യാസത്തിന്റെ പ്രയോജനത്തെപ്പറ്റി ചിന്തിക്കാത്തവരാണു് ഇതിനെ ആക്ഷേപിക്കുന്നതു്. ഇവിടെ കാളേജു വലിയ നിലയിൽ നടക്കുന്നതു ഈ രാജ്യത്തിലെ സാധുക്കളായ ജനങ്ങൾക്കു വളരെ ഉപകാരമായിരിക്കും. കാളേജു് വിദ്യാഭ്യാസം ഒരു ലക്ഷപ്രഭുക്കളെയുണ്ടാക്കുന്നു പറയുന്നതു് വിദ്യാഭ്യാസത്തിന്റെ പ്രയോജനത്തെപ്പറ്റി ആലോചിക്കാത്തതുകൊണ്ടാണു്.

അവസാനമായി ഈ ഗവമ്മെണ്ടിനെ പ്രശംസിക്കുവാനുള്ള ഒരു സംഗതിയാണു് എനിക്കു പറവാനുള്ളതു്. അതു ഉദ്യോഗ നിയമനക്കാര്യത്തിൽ ഒരു തീരുമാനമുണ്ടാക്കിയതിനെ സംബന്ധിച്ചാണു്. വളരെക്കാലമായി ഈ നിയമസഭയിലും പുറത്തും ഈ കാര്യത്തിന്റെ വാദം നടന്നിരുന്നു. അതിനു ഇപ്പോൾ ഉണ്ടായിരിക്കുന്ന തീരുമാനം എല്ലാ ഡീറെയിൽസിലും തൃപ്തികരമെന്നു പറയുവാൻ തരമില്ലെങ്കിലും പൊതുവെ നോക്കുമ്പോൾ എല്ലാ സമുദായങ്ങൾക്കും തൃപ്തികരമാകേണ്ട തരത്തിലുള്ളതാണെന്നു സമ്മതിക്കാതെ തരമില്ല. ഡീറേറയിൽസിൽ പല അഭിപ്രായവ്യത്യാസങ്ങളുമുണ്ടാകാം. എങ്കിലും ഇതിലടങ്ങിയിരിക്കുന്ന തത്വം എല്ലാവർക്കും ആശ്വാസപ്രദമായിട്ടുള്ളതാണു്. ഈ കാര്യത്തിൽ ഉദ്യോഗമധികമുള്ള സമുദായങ്ങളിൽപെട്ട ഈ നിയമസഭയിലെ മെമ്പർമാർ അനുകമ്പാപൂർവ്വമായ നയം സ്വീകരിച്ചിട്ടുള്ളതു് അവരോടുള്ള കൃതജ്ഞത ഈ അവസരത്തിൽ പ്രകടിപ്പിച്ചുകൊള്ളുന്നു. അവരുടെ ഈ നിലകൊണ്ടാണു് അയൽ രാജ്യത്തിലുള്ളതിനേക്കാൾ കൂടുതൽ സമുദായ സൗഹാർദ്ദം ഇവിടെ കാണുന്നതു് എന്നു പറയാതെ തരമില്ല. ആരേയും തോല്പിച്ചു കാര്യം സാധിച്ചു എന്നു ധാരണ വരാതിരിക്കുവാനാണു ഞാനിതു പറയുന്നതു്. ദിവാൻജി അവർകളോടു ഈ കാര്യത്തിൽ ഈ രാജ്യത്തെ എല്ലാ സമുദായക്കാരും വളരെ കൃതജ്ഞരായിരിക്കേണ്ടതാണു്. അത്രയും പ്രധാനമായ ഒരു പ്രശ്നമാണിതു്. ഈ രാജ്യത്തെ രാഷ്ട്രീയ കാര്യം പ്രധാനമായി ഉദ്യോഗം പങ്കുവെക്കുന്ന കാര്യമായിട്ടാണിരിക്കുന്നതു്. അതുകൊണ്ടു ഉദ്യോഗവഴക്കിനു പരിഹാരമുണ്ടാക്കുന്നവിധത്തിൽ ന്യായമായവിധം ആ നിയമനം നടത്തിയാലും വേണ്ടതില്ല, ഖണ്ഡിതമായ ചട്ടങ്ങൾ വരുത്തിയതിനു ദിവാൻജി അവർകളോടും മഹാരാജാവു തിരുമനസ്സിനോടും ജനങ്ങൾ വളരെ കൃതജ്ഞരായിരിക്കുന്നതാണു്. ഇപ്പോഴത്തെ മഹാരാജാവു തിരുമനസ്സിലെ കാലത്തു പല പരിഷ്കാരങ്ങളും എടുപ്പും നടപ്പിൽ വരുന്നതു ഈ അവസരത്തിൽ എടുത്തുപറയേണ്ടിയിരിക്കുന്നു. സിവിൽ വിവാഹ റഗുലേഷൻ, ദേവദാസി റഗുലേഷൻ മുതലാ

LIBRARY ARCHIVES Kerala Legislative Assembly

